₹ 5/-

# റിയൽ ലൈഫ് വോയ്സ്

# REAL LIFE VOICE

Monthly

Volume 12
Issue 5

**November 2023**

pages 24

"ഒരുത്തൻ ധനവാനായിത്തീർന്നാലും അവന്റെ ഭവനത്തിന്റെ മഹത്ത്വം വർദ്ധിച്ചാലും നീ ഭയപ്പെടരുത്. അവൻ മരിക്കുമ്പോൾ യാതൊന്നും കൊണ്ടുപോകയില്ല; അവന്റെ മഹത്ത്വം അവനെ പിൻചെല്ലുകയുമില്ല"

**(സങ്കീർത്തനങ്ങൾ 49:16,17)**

REAL LIFE VOICE

KOTTEKAD, KUTTUR P.O.,
THRISSUR, KERALA - 680 013

Since 2012

# REAL LIFE VOICE

Volume 12 Issue 5 November 2023 pages 24 Rs.5/

**Editor:**
Sebastian M.V.
Ph: 95 44 557 557

**DTP:**
Sebastian M.V.

**Published at:**
Real Life,
Mamparampil House,
Kottekad, Kuttur P.O.,
Thrissur - 680 013

**Annual Subscription:**
Rs.60/-

**താത്പര്യമുള്ളവർക്ക് വരി സംഖ്യയോ സംഭാവനയോ Google Pay/PhonePe ചെയ്യാം. അല്ലെങ്കിൽ ബാങ്കി ലേക്ക് നേരിട്ട് ട്രാൻസ്ഫർ ചെയ്യാം. ദയവായി മണി ഓർഡർ അയയ്ക്കരുത്**

*Bank:*
State Bank of India
*Branch:*
Punnamparambu
*IFS Code:*
SBIN0070342
*A/c No.:*
40447607951
*Name:*
Sebastian M V

**Email:**
reallifekottekad@gmail.com

**Website:**
www.reallifevoice.in

**Book No. 143**

## ഉള്ളടക്കം

പേജ്

- ... പിന്തുണ യിസ്രായേലിന് 3
- പ്രതികരണങ്ങൾ 6
- നമ്മുടെ ചുറ്റുമുള്ള സാക്ഷികൾ (1) 8
- റോമർ 16 ലെ ദൈവമക്കൾ (16) 11
- ഹബക്കൂക് (21) 14
- കൊച്ചുണ്ണിയുടെ... വായന (24) 17
- ഓരോരോ ജന്മങ്ങള്! (14) 20
- ...ദുരന്തക്കാഴ്ചകൾ (67) 22
- അപ്പോൾ ഗണപതി മിത്തല്ല 24

ഈ മാസികയുടെ ലക്ഷ്യം:
**സഭ, സമൂഹം എന്നിവയെക്കുറിച്ചുള്ള അഭിപ്രായപ്രകടനവും വചനപഠനവും**

## എഡിറ്റോറിയൽ



# ഇന്ത്യയുടെ പിന്തുണ യിസ്രായേലിന്

പാലസ്തീനും യിസ്രായേലും!

ഇവർ തമ്മിലുള്ള പ്രശ്നം പറഞ്ഞുതീർക്കാൻ ശ്രമിക്കുന്നതിലും ഭേദം വല്ല പട്ടിയുടെയും വളഞ്ഞ വാല് നേരെയാക്കാൻ നോക്കുന്നതാണ്.

പാലസ്തീൻ ആദ്യം പോയി യിസ്രായേലിനെ ഒന്നു ചൊറിയും. അപ്പോൾ യിസ്രായേൽ തിരിച്ചങ്ങോട്ട് മാന്തിപ്പൊളിക്കും. അപ്പോൾ യിസ്രായേൽ എന്നെ മാന്തിപ്പൊളിച്ചു എന്നും പറഞ്ഞ് ലോകജനതയ്ക്ക് മാന്തിയതിന്റെ പാടുകൾ പാലസ്തീൻ കാണിച്ചുകൊടുക്കും. അതു കാണുമ്പോഴേക്കും പേട്ടുത്തേങ്ങ പോലുള്ള മണ്ടയുള്ള കുറെയാളുകൾ പാലസ്തീനെ പിന്തുണയ്ക്കും. യിസ്രായേലിനെ വിമർശിക്കും. യിസ്രായേലിനെ ഭീകരരാഷ്ട്രമായി ചിത്രീകരിച്ച് ഘോരഘോരം പ്രസംഗിക്കും, എഴുതും.

കഴിഞ്ഞ കുറെ വർഷങ്ങളായി ഇവിടെ നടക്കുന്ന കാര്യങ്ങളാണിവ. എന്നും ഒരേ തിരക്കഥ തന്നെ! എന്നാൽ ഇക്കഴിഞ്ഞ ഒക്ടോബറിൽ നടത്തിയ ആക്രമണത്തിന് പതിവുശൈലി വിട്ട് ഒട്ടേറെ വൈവിധ്യങ്ങളുണ്ടായിരുന്നു. പാലസ്തീൻ തിരക്കഥ ഒന്നു മാറ്റിയെഴുതിയെന്നു പറയാം. യിസ്രായേലിനെ പോയി വെറുതെ ചൊറിയുക, വാലിൽ കടിക്കുക തുടങ്ങിയ പതിവു ശൈലികൾ മാറ്റി അവർ യിസ്രായേലിന്റെ അകത്ത് കടന്ന് സംഹാരതാണ്ഡവമാടി. ലോകത്തിലെത്തന്നെ പേരുകേട്ട ഇന്റലിജന്റ്സ് വിഭാഗമുള്ള യിസ്രായേലിനെ നാണംകെടുത്തിക്കൊണ്ട്, സിംഹത്തെ അതിന്റെ മടയിൽ ചെന്ന് ആക്രമിക്കുക എന്ന രീതിയിലേക്ക് കാര്യങ്ങൾ മാറി. അതിനുള്ള ധൈര്യം പാലസ്തീനിലെ ഇസ്ലാമികപ്രസ്ഥാനമായ ഹമാസ് കാണിച്ചു.

ഇതുപോലൊരു തിരിച്ചടിയെ മുൻകൂട്ടി കാണാൻ യിസ്രായേൽസൈന്യത്തിന് കഴിഞ്ഞില്ല എന്നത് എന്നുമൊരു തീരാകളങ്കമായി അവരുടെ മേൽ ഉണ്ടാകും. പക്ഷേ ഞൊടിയിടയിൽ യിസ്രായേൽ താളം കണ്ടെത്തുകയും ദയ, കരുണ, സഹതാപം തുടങ്ങിയ പദങ്ങളെല്ലാം വലിച്ചുകീറി എറിഞ്ഞുകളഞ്ഞ് ഹമാസിനെ ആക്രമിക്കുകയും ചെയ്തു. ഹമാസ് ഒരു വെണ്ണീറിന്റെ

കുഴിയോ ശവപ്പറമ്പോ ആക്കിമാറ്റുന്ന രീതിയിലുള്ള ആക്രമണം! നിരവധി നിസ്സഹായരായ മനുഷ്യർ, സ്ത്രീകളും കുഞ്ഞുങ്ങളും! പൊട്ടിത്തെറിയുടെ മുഴക്കത്തിലും തീയുടെ ശക്തിയിലും അവരുടെ നിലവിളി മുങ്ങിപ്പോയോ!

**അബ്രഹാമിന്റെ മക്കൾ**

അബ്രാഹാമിന് സ്വന്തം ഭാര്യയിൽ ജനിച്ച മകനായ യിസ്ഹാക്കിന്റെ സന്തതിപരമ്പരകളിലാണ് യെഹൂദരെ നമുക്ക് കാണാൻ കഴിയുന്നത്. അബ്രാഹാമിന് ദാസിയിൽ ജനിച്ച മകനായ യിശ്മായേലിന്റെ സന്തതിപരമ്പരകളാണ് അറബികൾ. അതായത്, ഒരപ്പന്റെ രണ്ടു മക്കളുടെ സന്തതിപരമ്പരകളാണ് പരസ്പരം വഴക്കടിച്ചു നിൽക്കുന്ന യെഹൂദരും പാലസ്തീനും. രണ്ടാംലോകമഹായുദ്ധകാലഘട്ടത്തിൽ ക്രൂരമായ പീഡനങ്ങൾ ഏറ്റുവാങ്ങേണ്ടി വന്ന ജനവിഭാഗമാണ് യെഹൂദർ. ലോകത്തിലെ നിരവധി ജനങ്ങൾക്കും രാഷ്ട്രങ്ങൾക്കും യെഹൂദരോട് അലിവും സഹതാപവും തോന്നിയിരുന്നു. അതിനെത്തുടർന്ന്, അവർക്ക് അല്പം സ്ഥലം പശ്ചിമേഷ്യയിൽ കൊടുക്കുന്നതിന് ബ്രിട്ടന്റെ നേതൃത്വത്തിൽ നടത്തിയ പരിശ്രമത്തിന്റെ ഫലമായാണ് 1948 മെയ് 14 ന് യിസ്രായേൽരാജ്യം നിലവിൽ വന്നത്.

അന്നു മുതൽ ചുറ്റുമുള്ള അറബ്രാഷ്ട്രങ്ങൾ പലപ്പോഴും യിസ്രായേലിനെ ഉന്മൂലനം ചെയ്യാൻ നോക്കിയിട്ടുണ്ടെങ്കിലും ഏതോ അദൃശ്യശക്തി യിസ്രായേലിന്റെ കൂടെ ഉണ്ടെന്ന് മറ്റുള്ളവർക്ക് തോന്നത്തക്കവിധമാണ് കാര്യങ്ങൾ മുന്നോട്ടു പോയത്. യിസ്രായേലിനെ തോൽപ്പിക്കാൻ ആർക്കും ആയില്ല; എന്നു മാത്രമല്ല, യിസ്രായേലിനെ ആക്രമിച്ചവർക്കെല്ലാം കനത്ത നാശമുണ്ടാവുകയും ചെയ്തു. യിസ്രായേൽ തീരെ കൊച്ചുരാഷ്ട്രമാണ്. ചുറ്റും വലിയ അറബ് രാഷ്ട്രങ്ങളും! എന്നിട്ടും 1948 മുതൽ ഇന്നുവരെ യിസ്രായേൽ അജയ്യമായി നിലനിലനിൽക്കുന്നു.

**ഇന്ത്യയുടെ പിന്തുണ**

ഇന്ത്യൻ പ്രധാനമന്ത്രി നരേന്ദ്രമോദി യിസ്രായേലിന് ഇന്ത്യയുടെ പിന്തുണയുണ്ടെന്ന് പരസ്യമായി പ്രഖ്യാപിച്ചത് ഗംഭീരമായി. മുന്നേ ഭരിച്ചവരെല്ലാം പാലസ്തീനാണ് പിന്തുണ പ്രഖ്യാപിക്കാറുള്ളത്. ഇന്ത്യയിലുള്ള മുസ്ലീങ്ങളുടെ വോട്ടിൽ കണ്ണു വച്ചിട്ടാകണം അവരൊക്കെ കണ്ണുംപൂട്ടി പാലസ്തീനെ പിന്തുണയ്ക്കാറുള്ളതെന്നു തോന്നുന്നു. എന്നാൽ നരേന്ദ്രമോദി ഇക്കാര്യത്തിൽ വ്യത്യസ്തനായി. അഭിനന്ദനങ്ങൾ! ലോകസമാധാനം തല്ലിക്കെടുത്തുന്ന തീവ്രവാദപ്രസ്ഥാനങ്ങളുടെ ഭാഗമെന്നോണം പെരുമാറുന്ന ഹമാസിനെ പിന്തുണയ്ക്കാതെ, സ്വന്തം കാര്യം നോക്കി ഒതുങ്ങിക്കഴിയുന്ന യിസ്രായേലിനെ പിന്തുണച്ചത് എന്തുകൊണ്ടും ഉചിതമായി. ചവിട്ടിയാൽ ഏതു പാമ്പും കടിക്കും. അത്രയേ യിസ്രായേൽ ചെയ്തുള്ളൂ.

**പശ്ചിമേഷ്യയിലെ സമാധാനം**

യിസ്രായേൽ, പാലസ്തീൻ, ഈജിപ്ത്, ഇറാൻ, ഇറാഖ്, സൗദിഅറേബ്യ, കുവൈറ്റ്, ഖത്തർ, യുഎഇ, ഒമാൻ എന്നിങ്ങനെയുള്ള രാജ്യങ്ങൾ സ്ഥിതിചെയ്യുന്ന പശ്ചിമേഷ്യയിൽ (West Asia) ഇനി സമാധാനം എന്നുണ്ടാകുമോ എന്തോ? പശ്ചിമേഷ്യയിലെ പ്രശ്നം എപ്പോഴും യിസ്രായേലും പാലസ്തീനും തമ്മിൽ അല്ല. ഇറാനും ഇറാഖും എത്രയോ വർഷം പരസ്പരം ഏറ്റുമുട്ടി. ഇറാഖും കുവൈറ്റും തമ്മിൽ യുദ്ധം നടന്നില്ലേ? എപ്പോഴും അശാന്തിയുടെയും കൂട്ടക്കുരുതിയുടെയും ഈറ്റില്ലമായി മാറിയിരിക്കുന്നു പശ്ചിമേഷ്യ. സമാധാനത്തിന്റെ ശ്വേതപ്പൂക്കൾ അവിടെ വിരിയേണ്ടതിനായി നാം പ്രാർത്ഥിക്കേണ്ടതുണ്ട്. രക്തദാഹികളായി നടക്കുന്ന തീവ്രവാദചിന്താഗതിക്കാരുടെ ഇടയിൽ കുറെ നല്ല മനുഷ്യർ – അവർ ഏതു മതത്തിലുള്ളവരായാലും – ഉണ്ടെന്ന കാര്യം ആരും മറക്കരുത്.

**പ്രവചനപ്രസംഗകന്മാർക്ക് ചാകര**

ഭാവികാല സംഭവങ്ങളും കർത്താവിന്റെ വരവും എന്ന വിഷയം ആസ്പദമാക്കി പ്രസംഗപരമ്പരകൾ നടത്തി, പേരും പ്രശസ്തിയും പണവും ധാരാളം സമ്പാദിച്ച്, വിലകൂടിയ കാറുകളും ആഡംബരജീവിതവുമായി, തടിച്ചുകൊഴുത്തു കഴിയുന്ന സുവിശേഷകന്മാർക്കും പ്രസംഗവീരന്മാർക്കും ചാകര വന്നെത്തിയിരിക്കുന്നു. യിസ്രായേലും പാലസ്തീനും തമ്മിലുള്ള യുദ്ധം! 2000–ത്തിലാണ് ഇത്തരം പ്രസംഗപരമ്പരകൾ നമ്മുടെ നാട്ടിൽ ഒരു തരംഗമായി മാറിയത്. അന്ന്, ഒരു ദിവസം ഇത്തരമൊരു പ്രസംഗം കേട്ട് ഞാൻ അന്തം വിട്ടുപോയി! പ്രസംഗം കഴിഞ്ഞതിനുശേഷം എന്റെ വീട്ടിൽ എത്താനുള്ള അവസരം പോലും എനിക്കുണ്ടാവില്ലെന്നും അപ്പോഴേക്കും കർത്താവു വന്നേക്കുമെന്നും എനിക്കു തോന്നിപ്പോയി.

പക്ഷേ ഇപ്പോൾ 2023 ആയി. ദേ കർത്താവ് വന്നു, ദേ വന്നുകൊണ്ടിരിക്കുന്നു എന്ന പോലുള്ള പ്രവചനങ്ങൾ ഇന്നും തകർത്തു മുന്നേറുന്നു. ഭൂമിയുടെ ഏതു കോണിൽ ഏതു നിലയിലുള്ള അക്രമം നടന്നാലും, പ്രവചന പ്രസംഗം വരുമാനമാർഗ്ഗമാക്കിയവർക്ക് സന്തോഷമാണ്! ഇവരുടെ ഈ പ്രസംഗം കേട്ട്, കേട്ട്, അതിൽ അമർഷം പൂണ്ടാണോ കർത്താവ് വരാൻ താമസിക്കുന്നത് എന്നു ചിലപ്പോഴൊക്കെ എനിക്കു തോന്നാറുണ്ട്. യുദ്ധങ്ങളും ക്ഷാമവും ഭൂകമ്പവും പകർച്ചവ്യാധികളുമെല്ലാം ഏതു കാലഘട്ടത്തിലുമുണ്ട്. ഇതെല്ലാം കർത്താവിന്റെ വരവിന്റെ ലക്ഷണങ്ങളാണ്. എല്ലാ തലമുറയിലും ഉള്ളവർ കർത്താവിന്റെ വരവിന്നായി ഒരുങ്ങിയിരിക്കേണ്ടതിനായി എല്ലാ തലമുറയിലും ഇതൊക്കെ ഉണ്ടാകാറുണ്ട്. നാമും കർത്താവിന്റെ വരവ് പ്രതീക്ഷിച്ച് ഒരുങ്ങിയിരിക്കുക. **(എംവിഎസ്)**

*prepared on 21-10-2023*

# പ്രതികരണങ്ങൾ

**നിങ്ങളുടെ അഭിപ്രായങ്ങൾ sms ആയോ, email ആയോ WhatsApp ലൂടെയോ അറിയിക്കുക. WhatsApp ൽ വോയ്സ് മെസേജ് ആയും അറിയിക്കാം. പേരും അഡ്രസ്സും എഴുതാൻ മറക്കരുത്.**

**ഫോൺ: 95 44 557 557**

## Joseph M J, Adivaram, Kozhikode

മാസിക മുടങ്ങാതെ കിട്ടുന്നുണ്ട്. മാസികയിലെ എല്ലാ വിഭവങ്ങളും എനിക്ക് വളരെ ഇഷ്ടമാണ്. പഠിക്കാനും ചിന്തിക്കാനും ആത്മീയ ഉത്സാഹത്തിനും മാസിക വളരെ നല്ല ആത്മീയവിരുന്നാണ്. ദൈവം നൽകിയ താലന്തുകളെ തുടർന്നും ഉപയോഗിക്കുക. മടുത്തുപോകരുത്. സെപ്റ്റംബർ മാസത്തിലെ *നടൻ* എന്ന ചെറുകഥയിലെ ദാവീദ് എന്ന കഥാപാത്രത്തെപ്പോലുള്ള ഒരാളെങ്കിലും നേർവഴിക്കു വരാൻ ആ ചെറുകഥ ഉപകരിക്കട്ടെ. നിങ്ങളുടെ പ്രവർത്തനങ്ങൾക്ക് നല്ല ഫലം ഉണ്ടാകട്ടെ. എന്റെ പ്രാർത്ഥനയിൽ നിങ്ങളെ ഓർക്കുന്നു.

## Jose K A, Changampuzha Nagar, Kochi

ഹബക്കൂകിന്റെ പുസ്തകപഠനം (19) പഠനോന്മുഖമായിത്തന്നെ തോന്നി. സമൃദ്ധമായ തീയിന്റെ നടുവിലാണ് നാം ജീവിക്കുന്നത്. താഴേയും മുകളിലും തീക്കൂമ്പാരങ്ങളാണ്. താഴെ മാഗ്മ (ഭൂമിയുടെ അധോഭാഗത്ത് സംഭരിച്ചുവച്ചിരിക്കുന്ന ലാവ). മുകളിൽ സൂര്യനും കോടാനുകോടി നക്ഷത്രങ്ങളുമായ തീഗോളങ്ങൾ. ഈ അറിവ് കൗതുകവും ഭയവും ജനിപ്പിക്കുന്നതാണ്.

*നടൻ* എന്ന കഥ വായിച്ചു. അതിലെ ദാവീദ് എന്ന കഥാപാത്രം നമ്മുടെയൊക്കെ ഒരു പതിപ്പല്ലേ എന്നു ചിന്തിച്ചുപോയി. നമ്മുടെയൊന്നും രഹസ്യജീവിതം ആരും കാണുന്നില്ലല്ലോ. നമ്മുടെ രഹസ്യജീവിതം കൃത്യമായി വിലയിരുത്തുന്ന ഒരു ദൈവം നമുക്കുണ്ടെന്നു പരിശുദ്ധാത്മാവ് ഈ കഥയിലൂടെ കാണിച്ചുതരുന്നു. ഇത്തരം കാര്യങ്ങൾ നമ്മുടെ ജീവിതത്തിൽ നിന്നും മാറ്റിത്തരണേ എന്നു നമുക്ക് ഉള്ളുരുകി പ്രാർത്ഥിക്കാം.

## Thomas K D, Pune, Maharashtra

ഒക്ടോബർമാസത്തിലെ എഡിറ്റോറിയൽ വളരെ ഇഷ്ടപ്പെട്ടു. ചന്ദ്രയാൻ ദൗത്യത്തിനുവേണ്ടി വലിയൊരു തുകയാണ് ചെലവഴിച്ചിട്ടുള്ളത്. അതിനേക്കാൾ മുൻഗണന കൊടുക്കേണ്ട പല കാര്യങ്ങളും ഇവിടെയുണ്ടായിരുന്നു. സ്കൂളുകളും പാലങ്ങളും തുടങ്ങിയവ. ഭൂമിയിലെ കാര്യങ്ങൾ പരിഹരി

ക്കാതെ ചന്ദ്രനിലേക്ക് പോകേണ്ട കാര്യമില്ലായിരുന്നു. ഏതായാലും ആ വിഷയം പഠിച്ച്, അപഗ്രഥിച്ച് എഡിറ്റോറിയൽ തയ്യാറാക്കിയത് നന്നായി.

ഇമ്മാനു വളരെ സുന്ദരനും ബുദ്ധിമാനുമായി മുന്നോട്ടു പോകുന്നു. കറുത്ത പാന്റ്സ് ഇടാമെങ്കിൽ കറുത്ത മുണ്ടുടുത്ത് എന്തുകൊണ്ട് ചർച്ചിൽ വന്നുകൂടാ എന്ന ഇമ്മാനുവിന്റെ ചോദ്യം പ്രസക്തമാണ്. ഇപ്പോഴത്തെ തല മുറയ്ക്ക് നാം മറുപടി കൊടുക്കാൻ തയ്യാറായിരിക്കണം.

## Molly Baby, Marady, Ernakulam

ഒക്ടോബർലക്കത്തിലെ *റാങ്കല്ല, ജസ്റ്റ് പാസ്സ്* എന്ന വിവരണം വായി ക്കാൻ നല്ല രസമുണ്ടായിരുന്നു. അദ്ധ്യാപകരായ നമുക്ക് നമ്മുടെ കുട്ടികൾ തോൽക്കുന്നത് ഇഷ്ടമുള്ള കാര്യമല്ലല്ലോ. ആ കൊച്ചിനുവേണ്ടിയുള്ള പ്രാർ ത്ഥന ഫലിച്ചു. ആ ലേഖനം വായിക്കുന്നവർക്കെല്ലാം നല്ല പ്രോത്സാഹന മാണ് ലഭിക്കുക.

ഇമ്മാനു *(ഇമ്മാനുവിന്റെ സംശയങ്ങൾ)* പിന്നെ എന്നും നല്ലതാണല്ലോ.

## Kurien Mathew, Kakkanad, Kochi

ഒക്ടോബർ ലക്കത്തിലെ എഡിറ്റോറിയലിൽ, "ചന്ദ്രയാന് മുടക്കിയ പണം നമ്മുടെ രാജ്യത്തുള്ള ജനങ്ങൾക്കുവേണ്ടി മുടക്കിയിരുന്നെങ്കിൽ ഓരോ ഇന്ത്യക്കാരനും ഏകദേശം പത്തുകോടിയിലധികം രൂപയുടെ ആനു കൂല്യങ്ങൾ ലഭിക്കുമായിരുന്നു"എന്ന പ്രസ്താവന ഗണിതപരമായി തെറ്റാ ണ്. ഇന്ത്യയിലെ 140 കോടി ജനത്തിന് ഓരോ രൂപ വച്ച് കൂട്ടിയാൽ 140 കോടി രൂപ വരും. ഓരോരുത്തർക്കും 10 രൂപ വച്ച് കണക്കുകൂട്ടിയാൽ 1400 കോടി രൂപ വരും. ചന്ദ്രയാന്റെ മൂന്നു ശ്രമങ്ങൾക്കുംവേണ്ടി വന്ന ആകെ ചെലവ് 1900 കോടി രൂപയായതുകൊണ്ട്, അത് ഓരോ ഇന്ത്യാക്കാരനും വീതിക്കുമ്പോൾ ഒരാൾക്ക് ഏകദേശം 13 രൂപ മാത്രമാണ് ആകുന്നത്. അല്ലാ തെ ഒരാൾക്ക് 19 കോടി രൂപ എന്നു വരില്ല.

## Xavier Panachy, Payyampilly, Waynad

ചന്ദ്രയാന്റെ ചെലവ് സംബന്ധിച്ച് താങ്കളുടെ കണക്ക് വല്ലാതെ തെറ്റി പ്പോയല്ലോ. 140 കോടി ഇന്ത്യക്കാർക്ക് 1 രൂപ വീതം കൊടുക്കാൻ 140 കോടി വേണം. 10 രൂപ വീതം കൊടുക്കാൻ 1400 കോടി വേണം. 1900 കോടിയെ 140 കോടി കൊണ്ട് ഹരിച്ചാൽ 13.5 എന്നാണ് ഉത്തരം ലഭിക്കുക. ഒരാൾക്ക് 13.5 രൂപ മാത്രമാണ് ചന്ദ്രയാന് വന്ന ചെലവ്. അപ്പോൾ ചന്ദ്രയാൻ ചെലവ് നിസ്സാരം.

**(എഡിറ്റർ: കണക്കിലെ തെറ്റ് ചൂണ്ടിക്കാണിച്ചവർക്ക് നന്ദി. ഗൗരവമുള്ള ഒരു വിഷയത്തെക്കുറിച്ച് എഴുതിയപ്പോൾ ഇപ്രകാരമുള്ള ഗുരുതരമായ തെറ്റ് എന്റെ ഭാഗത്തുനിന്നും സംഭവിക്കാൻ പാടില്ലായിരുന്നു. അതിൽ ഖേദിക്കുന്നു.)**

# നമ്മുടെ ചുറ്റുമുള്ള സാക്ഷികൾ

1

പ്രൊഫ. റ്റി. ജോൺമാത്യു, മണ്ണുത്തി

"ആകയാൽ നാമും സാക്ഷികളുടെ ഇത്ര വലിയൊരു സമൂഹം നമുക്കു ചുറ്റും നിൽക്കുന്നതുകൊണ്ട് സകല ഭാരവും മുറുകെ പറ്റുന്ന പാപവും വിട്ട് നമുക്ക് മുമ്പിൽ വച്ചിരിക്കുന്ന ഓട്ടം സ്ഥിരതയോടെ ഓടുക" എന്നു നാം എബ്രായർ 12:1 ൽ വായിക്കുന്നു. ഈ വാക്യത്തിന്റെ അർത്ഥം ശരിയായി ഗ്രഹിക്കുവാനും പ്രയോജനപ്പെടുത്താനും എനിക്കു കൃപ തരേണമേ എന്ന പ്രാർത്ഥനയോടെ, നാം ഈ അദ്ധ്യായവും ഇതിനു തൊട്ടുമുമ്പുള്ള അദ്ധ്യായവും ശ്രദ്ധിച്ചുവായിച്ചാൽ താഴെ ചൂണ്ടിക്കാണിച്ചിരിക്കുന്ന സത്യങ്ങളുടെ വെളിച്ചത്തിൽ നമുക്ക് നമ്മുടെ ആത്മികജീവിതം ക്രമീകരിക്കാനാവും.

കഴിഞ്ഞ കാലങ്ങളിൽ ലോകത്തിൽ ജീവിക്കയും ദൈവത്തെ വിശ്വസ്തതയോടെ സേവിക്കയും ചെയ്ത, നാം ഒരിക്കലും കണ്ടിട്ടില്ലാത്ത ദൈവത്തിന്റെ ദാസീദാസന്മാരെ ദൈവാത്മാവിൽ ഇന്നു കാണുവാൻ നമുക്ക് സാധ്യമാണ്. ദൈവവചനമാകുന്ന ദൂരദർശിനിയിലൂടെ നോക്കിക്കൊണ്ട് അവരെയും അവരുടെ പ്രവൃത്തികളെയും നാം കാണേണ്ടതാണ്. ഈ അനുഭവം നമ്മിൽ ഉണ്ടായാൽ, അവർ ദൈവത്തിങ്കലേക്ക് മാത്രം നോക്കിക്കൊണ്ട് ദൈവനാമ മഹത്വത്തിനായി കഷ്ടം അനുഭവിക്കുന്നതിൽ സന്തോഷിച്ചതുപോലെ നാമും മനുഷ്യരാലുള്ള മാനം ലഭിക്കാൻ ആഗ്രഹിക്കാതെ, മോശെയെപ്പോലെ ദൈവത്തിൽനിന്ന് ലഭിക്കാൻ പോകുന്ന പ്രതിഫലം നോക്കിക്കൊണ്ട് (എബ്രായർ 11:25-26) ദൈവഹിത പ്രകാരമുള്ള കാര്യങ്ങൾ നിർവ്വഹിച്ചുകൊണ്ട് മുന്നോട്ടു പോകും.

പഴയനിയമകാലത്ത് ദൈവത്തെ വിശ്വസ്തതയോടെ സേവിച്ചവരെ ദൈവം വളരെയധികം മാനിച്ചിരിക്കുന്നതായി എബ്രായർ 11 -ാം അദ്ധ്യായം തെളിയിക്കുന്നുണ്ട്. സ്വർഗ്ഗത്തിൽ എന്നേക്കും സ്ഥിരമായിരിക്കുന്ന ദൈവവചനത്തിൽ അവരുടെ പേരുകൾ ദൈവം തന്നെ എഴുതിവച്ചിരിക്കുന്നു. പഴയനിയമകാലത്തെ വിശ്വാസികളുടെ കൂട്ടത്തിൽ ദൈവത്തിന്റെ വിശ്വസ്ത സാക്ഷികളുടെ ഒരു പ്രത്യേക സമൂഹം ഉണ്ടായിരുന്നതുപോലെ തന്നെ പുതിയനിയമ കാലത്ത് ലോകത്തിൽ ജീവിക്കുന്ന യേശുക്രിസ്തുവിന്റെ സാക്ഷികളുടെ കൂട്ടത്തിലും വിശ്വസ്തരുടെ ഒരു സമൂഹം

ഉണ്ടെന്നു സഭാചരിത്രത്തിൽനിന്നു നമുക്ക് മനസ്സിലാക്കാൻ സാധിക്കും. ഇവരിൽ ചിലരെക്കുറിച്ചാണ് നാം ചിന്തിക്കാൻ പോകുന്നത്.

പുതിയനിയമത്തിൽ പേരു പറഞ്ഞിട്ടുള്ള അപ്പൊസ്തലന്മാരെയും മറ്റു ആളുകളെയും കുറിച്ചല്ല, പിന്നെയോ അവരുടെ പ്രവർത്തനഫല മായി യേശുവിൽ വിശ്വാസം അർപ്പിച്ചവരെയും അവരുടെ പിൻഗാമിക ളെയും കുറിച്ചു മാത്രമാണ് ഇവിടെ പ്രസ്താവിക്കാൻ പോകുന്നത്. വിശ്വാ സത്തിന്റെ നായകനും പൂർത്തിവരുത്തുന്നവനുമായ യേശുവിനെ നോക്കി ക്കൊണ്ട് (എബ്രായർ 12:2) അവനെ അനുഗമിച്ച ഈ സത്യവിശ്വാസിക ളുടെ ജീവാവസാനം നാം ഓർക്കുന്നവരും അവരെ അനുഗമിക്കുന്നവരും ആയിരിക്കണമെന്ന് നാം വചനത്തിൽനിന്നും മനസ്സിലാക്കുന്നു (എബ്രാ യർ 2:10).

യേശുക്രിസ്തുവിന്റെ സത്യസാക്ഷികളായി, മരണഭയം കൂടാതെ ദൈവത്തെ സേവിച്ച ചില ആളുകളെക്കുറിച്ച് നാം തീർച്ചയായും അറി ഞ്ഞിരിക്കേണ്ടതാണ്. അവരെക്കുറിച്ച് ചുരുക്കമായി ഇവിടെ പ്രസ്താവിക്ക യാണ്.

**‘1. പോളിക്കാർപ്പ്**

റോമാസാമ്രാജ്യത്തിൽ ക്രൈസ്തവസഭയ്ക്കെതിരായി നടത്തപ്പെട്ട പീഡനങ്ങളിൽ ഒന്നാമത്തേത് നീറോ ചക്രവർത്തിയുടെ കാലത്തും (AD 67), രണ്ടാമത്തേത് ഡോമീഷ്യൻ ചക്രവർത്തിയുടെ കാലത്തും (AD 81), മൂന്നാമത്തേത് ട്രാജൻ ചക്രവർത്തിയുടെ കാലത്തും (AD 96), നാലാമ ത്തേത് മാർക്കസ് ഔറേലിയസ് അന്റോണിനസിന്റെ കാലത്തും (AD 161) ആണ് നടത്തപ്പെട്ടത്. ഈ നാലാമത്തെ പീഡനകാലത്താണ് ഇന്നത്തെ തുർക്കിയുടെ പടിഞ്ഞാറുഭാഗത്തു സ്ഥിതി ചെയ്തിരുന്ന സ്മർന്ന (ഇന്നത്തെ പേര് Izmir) എന്ന നഗരത്തിലെ സഭയുടെ അദ്ധ്യക്ഷ നായിരുന്ന പോളികാർപ്പ് (Polycarp) എന്ന ദൈവദാസൻ രക്തസാക്ഷിമ രണം വരിച്ചത്.

അക്കാലത്ത് റോമാസാമ്രാജ്യത്തിൽ ഭരണം നടത്തിയിരുന്ന ഉദ്യോഗ സ്ഥന്മാർക്ക് തോന്നുന്ന വിധത്തിലുള്ള ഏതു പീഡനത്തിനും ക്രിസ്തീയ വിശ്വാസികളെ വിധേയരാക്കുന്നതിനുള്ള അധികാരമുണ്ടായിരുന്നു. യേശു ക്രിസ്തുവിനെ തള്ളിപ്പറയാൻ തയ്യാറല്ലാത്ത സഭാധികാരികളെ പിടിച്ചു കൊണ്ടുവന്ന് വന്യമൃഗങ്ങളുടെ മുമ്പിലേക്ക് ഇട്ടുകൊടുത്ത് അവ അവരെ കടിച്ചുകീറാൻ അനുവദിക്കുക, ജീവനോടെ ചിതയിൽ ദഹിപ്പിക്കുക തുട ങ്ങിയ ഭയങ്കര ക്രൂരതകൾ യാതൊരു മടിയും കൂടാതെ അവർ ചെയ്തുവ ന്നിരുന്നു.

സ്മർന്നസഭയുടെ അദ്ധ്യക്ഷനായിരുന്ന പോളിക്കാർപ്പ് അനേകം ആളുകളെ ക്രിസ്തീയവിശ്വാസത്തിലേക്കു നയിച്ച, വളരെ പ്രശസ്തനായ ഒരു ദൈവദാസനായിരുന്നു. അദ്ദേഹത്തെ തന്റെ വാർദ്ധക്യത്തിലാണ് (86 വയസ്സുള്ളപ്പോൾ) അറസ്റ്റ് ചെയ്യാൻ ഭരണാധികാരികൾ തയ്യാറായത്. അറസ്റ്റ് ചെയ്യാനായി തന്റെ ഭവനത്തിൽ എത്തിയ ഉദ്യോഗസ്ഥരോട്, “എനിക്ക് ദൈവത്തോട് പ്രാർത്ഥിക്കാൻ ഒരു മണിക്കൂർ സമയം അനുവദിക്കണം” എന്ന് അദ്ദേഹം അഭ്യർത്ഥിച്ചു. ഉദ്യോഗസ്ഥർ അതിന് അനുവദിച്ചു. തന്റെ സഹവിശ്വാസികളെയും മറ്റെല്ലാവരെയും ദൈവകരങ്ങളിൽ സമർപ്പിച്ച് പ്രാർത്ഥിച്ചതിനുശേഷം ഉദ്യോഗസ്ഥരുടെ ആജ്ഞപ്രകാരം അദ്ദേഹം അവരെ അനുഗമിച്ചു.

വിശ്വാസം ത്യജിക്കാൻ അദ്ദേഹം തയ്യാറാകാഞ്ഞതിനാൽ, പ്രവിശ്യാഗവർണ്ണർ (Proconsul) അദ്ദേഹത്തെ മരണശിക്ഷയ്ക്ക് വിധിച്ചു. നിശ്ചിത ദിവസം അദ്ദേഹത്തെ പരസ്യമായി ചിതയിലിട്ടു കൊല്ലുന്നതിനുള്ള എല്ലാ ഒരുക്കങ്ങളും അധികാരികൾ നടത്തി. ചിതയുടെ നടുവിലെ തൂണിനോടു ചേർത്തുനിർത്തി ചിതയ്ക്ക് തീ കൊളുത്തുന്നതിനു മുമ്പ്, “നീ യേശുവിനെ തള്ളിപ്പറയാൻ തയ്യാറാണോ?” എന്നു ഗവർണ്ണർ അദ്ദേഹത്തോടു ചോദിച്ചു. അതിനു മറുപടിയായി അദ്ദേഹം, “86 വർഷം ഞാൻ യേശുവിനെ സേവിച്ചു; ഒരു തെറ്റും ഞാൻ അവനിൽ കണ്ടിട്ടില്ല; എന്റെ രക്ഷിതാവും രാജാവുമായ യേശുവിനെ ഞാൻ എങ്ങനെ തള്ളിപ്പറയും?” എന്നു പറഞ്ഞു.

താമസിയാതെ ചിതയ്ക്ക് തീ കൊളുത്തപ്പെട്ടു. അദ്ദേഹത്തിന്റെ ആത്മാവ് കർത്തൃസന്നിധിയിലേക്ക് ചേർക്കപ്പെടുകയും ചെയ്തു. വെണ്ണീറായിത്തീർന്ന അദ്ദേഹത്തിന്റെ അസ്ഥികളും മറ്റും എടുത്തുകൊണ്ടുപോയി അടക്കം ചെയ്യുന്നതിന് അദ്ദേഹത്തിന്റെ കൂട്ടുവിശ്വാസികളെ അധികാരികൾ അനുവദിക്കുകയുണ്ടായി.

ക്രിസ്തീയവിശ്വാസികളെ വളരെ ക്രൂരമായ വിധത്തിൽ പീഡിപ്പിച്ചു കൊല്ലുന്ന കാഴ്ച കണ്ട് രസിച്ചിരുന്ന അനേകം ആളുകൾ റോമാസാമ്രാജ്യത്തിൽ ഉണ്ടായിരുന്നുവെങ്കിലും യേശുവിനു വേണ്ടി മരണം വരിക്കാൻ ക്രിസ്ത്യാനികൾ തയ്യാറാകുന്നത് എന്തുകൊണ്ടാണ് എന്നു ചിന്തിക്കാനും പലർക്കും ഇടയായി എന്നു നാം ചരിത്രത്തിൽനിന്നു മനസ്സിലാക്കുന്നു. യേശുവിന്റെ നാമത്തിൽ കഷ്ടം സഹിക്കാനും നഷ്ടം സഹിക്കാനും നമുക്ക് എത്രത്തോളം മനസ്സുണ്ട് എന്നു നാം ചിന്തിക്കുമോ? ചിന്തിച്ചെങ്കിൽ നന്നായിരുന്നു.

**(തുടരും)**

# റോമർ 16–ാം അദ്ധ്യായത്തിലെ ദൈവമക്കൾ

16

**എം. വി. സെബാസ്റ്റ്യൻ, തൃശ്ശൂർ**

*"ഈ ലേഖനം എഴുതിയ **തെർത്തൊസ്** എന്ന ഞാൻ നിങ്ങളെ കർത്താവിൽ വന്ദനം ചെയ്യുന്നു" (റോമർ 16:22).*

പൗലൊസാണ് ഈ ലേഖനമെഴുതിയത് എന്നാണ് എല്ലാവരും കരുതുക. ഈ വാക്യമെത്തുമ്പോൾ മാത്രമാണ് ഇത് എഴുതിയത് മറ്റൊരാളാണ് എന്നു വായനക്കാർ മനസ്സിലാക്കുന്നത്. പൗലൊസ് പറഞ്ഞു കൊടുക്കുന്നു; തെർത്തൊസ് അത് സ്വന്തം കയ്യക്ഷരത്തിൽ എഴുതുന്നു. ഇതോടുള്ള ബന്ധത്തിൽ ബൈബിൾപഠിതാക്കൾ പലരും പറയുന്ന ചില കാര്യങ്ങൾ താഴെ കൊടുക്കുന്നു:

(1) ലേഖനങ്ങൾ പൗലൊസ് സ്വന്തം കയ്യക്ഷരത്തിൽ തയ്യാറാക്കാറില്ല; മറ്റൊരാളെക്കൊണ്ട് എഴുതിക്കുകയാണ് ചെയ്യുക (റോമർ 16:21).

(2) ലേഖനത്തിന്റെ അവസാനഭാഗത്ത് വന്ദനം മാത്രം സ്വന്തം കൈപ്പടയിൽ രേഖപ്പെടുത്തും (1 കൊരി. 16:21; കൊലൊ. 4:18; 2 തെസ്സ. 3:17).

(3) ഗലാത്യലേഖനം മാത്രമാണ് പൗലൊസ് സ്വന്തം കൈപ്പടയിൽ പൂർണ്ണമായും എഴുതിയത് (ഗലാത്യർ 6:11). വലിയ അക്ഷരത്തിലാണ് എഴുതിയത്. പൗലൊസിന്റെ കയ്യക്ഷരം വായിക്കാൻ സുഖമുള്ളതല്ലെന്നും അതുകൊണ്ടാണ് മറ്റുള്ളവരെക്കൊണ്ട് എഴുതിക്കുന്നതെന്നും പറയുന്നവരുമുണ്ട്. (Matthew Henry's Commentary)

**തെർത്തൊസും ശീലാസും ഒരാൾ!?**

തെർത്തൊസിനെ നാം ഈ ഒറ്റവാക്യത്തിൽ മാത്രമാണ് കാണുന്നത്. ആരാണ് ഈ തെർത്തൊസ്? പൗലൊസിന്റെ ലേഖനങ്ങൾ കേട്ടെഴുതുന്ന ആൾ എന്നു മാത്രമേ ഈ വാക്യത്തിന്റെ അടിസ്ഥാനത്തിൽ നമുക്കു പറയാൻ സാധിക്കുകയുള്ളൂ. എന്നാൽ പലരും അവകാശപ്പെടുന്നത്, അപ്പൊസ്തലപ്രവൃത്തികളിൽ കാണുന്ന ശീലാസ് തന്നെയാണ് ഈ തെർത്തൊസ്

എന്നാണ്. ശീലാസ് എന്ന ഹീബ്രുവാക്കിന്റെയും തെർത്തൊാസ് എന്ന ലാറ്റിൻ വാക്കിന്റെയും അർത്ഥം 'മൂന്നാമത്തെ' എന്നാണത്രേ. അതുകൊണ്ടാണ് രണ്ടും ഒരാളാണെന്നു ഇവർ ചിന്തിക്കുന്നത്. എങ്കിൽ പിന്നെ തെർത്തൊാസ് എന്നു പറയാതെ ശീലാസ് എന്നു തന്നെ പറഞ്ഞാൽ പോരായിരുന്നോ എന്ന ചോദ്യം പിന്നെയും അവശേഷിക്കുന്നു.

**പൗലൊസ് – തെർത്തൊാസ് – ഫേബ**

റോമർക്കെഴുതിയ ലേഖനത്തിന്റെ ആശയം പൗലൊസിന്റേത്; കയ്യക്ഷരം തെർത്തൊാസിന്റേത്. ലേഖനം ഫേബയുടെ കൈവശമാണ് കൊടുത്തുവിട്ടത് എന്നു പൊതുവെ വിശ്വസിക്കപ്പെടുന്നു. ഒരു കൂട്ടായ്മ (കൂട്ടായ പ്രവർത്തനം) നമുക്ക് ഇവിടെ കാണാം. റോമിലുള്ള വിശ്വാസികളെ ശക്തിപ്പെടുത്തുവാൻ ദൈവം ഉപയോഗിക്കുന്ന വ്യത്യസ്ത ഉപകരണങ്ങൾ (tools): പൗലൊസ്, തെർത്തൊാസ്, ഫേബ! ഒരാൾ പറഞ്ഞുകൊടുക്കുന്നു; മറ്റൊരാൾ എഴുതിയെടുക്കുന്നു; അടുത്തയാൾ ദൂരയാത്ര ചെയ്ത് അതു കൊണ്ടുപോയി കൊടുക്കുന്നു. ദൈവജനം ഒരുമിച്ച് നിന്ന്, വ്യത്യസ്ത ശുശ്രൂഷകൾ ചെയ്യുമ്പോൾ ദൈവനാമം മഹത്വപ്പെടുക മാത്രമല്ല എല്ലാ വിശ്വാസികളും അനുഗ്രഹിക്കപ്പെടുകയും ചെയ്യും.

**തോട്ടക്കാരന്റെ ഉപകരണങ്ങൾ**

കർത്താവ് ഒരിക്കൽ പറഞ്ഞു: "...എന്റെ പിതാവ് തോട്ടക്കാരനും ആകുന്നു" (യോഹന്നാൻ 15:1). ദൈവത്തെയാണ് ഇവിടെ തോട്ടക്കാരൻ (കൃഷിക്കാരൻ) എന്നു പറഞ്ഞിരിക്കുന്നത്. ആ കൃഷിക്കാരന്റെ കയ്യിലെ വ്യത്യസ്ത ഉപകരണങ്ങളാണ് ഓരോ വിശ്വാസിയും. കൃഷിക്കാരന്റെ കയ്യിൽ വെട്ടുകത്തി, കോടാലി, പിക്ആക്സ്, ചട്ടി എന്നിങ്ങനെ വിവിധ ഉപകരണങ്ങൾ കാണും. എല്ലാ ഉപകരണങ്ങളുടെയും ധർമ്മം ഒന്നല്ല. കോടാലിയുടെ ജോലി ചട്ടിക്ക് ചെയ്യാനാവില്ല. ചട്ടിയുടെ ജോലി കോടാലിക്കും ചെയ്യാനാവില്ല. അതുകൊണ്ടുതന്നെ ഒരു ഉപകരണത്തിനും അഹങ്കാരം തോന്നേണ്ട കാര്യമില്ല.

കൺവൻഷനിൽ പ്രസംഗിക്കുന്നവർ പൊതുവെ ബഹുമാനിക്കപ്പെടുന്നു. നല്ല കാര്യം. പക്ഷേ ആ കൺവൻഷൻ സംഘടിപ്പിക്കാൻ കഴിയുന്നത് മറ്റു ചിലർക്കാണ്. അവിടെ സംഗീതശുശ്രൂഷ ചെയ്യുന്നത് മറ്റു ചിലരാണ്. പന്തലൊരുക്കുന്നതും കസേരകൾ ഭംഗിയായി നിരത്തുന്നതും, കൺവൻഷൻ കഴിഞ്ഞാൽ എല്ലാം വൃത്തിയായി അടുക്കിവയ്ക്കുന്നതും വേറെ പലയാളുകളാണ്. പ്രാർത്ഥിക്കുന്നവർ, വിവിധനിലകളിൽ പ്രവർത്തിക്കുന്നവർ എല്ലാം കൂടി ഒത്തുചേരുമ്പോഴാണ് ആ കൺവൻഷൻ വിജയമാകുന്നത്. അല്ലാതെ കൺവൻഷനിൽ പ്രസംഗിക്കുന്ന ആളുടെ മാത്രം മിടുക്കല്ല.

സഭയിലെ ഏതു കാര്യം നോക്കിയാലും ഇങ്ങനെ കൂട്ടുത്തരവാദിത്ത ത്തോടുകൂടിയുള്ള പ്രവർത്തനം നമുക്കു കാണാൻ കഴിയും. "ഞാൻ നട്ടു, അപ്പൊല്ലോസ് നനച്ചു..." എന്നു പൗലൊസ് പറഞ്ഞത് അതുകൊണ്ടാണ് (1 കൊരി.3:6). "ഞങ്ങൾ ജാതികളുടെ ഇടയിലും അവർ പരിച്ഛേദനക്കാ രുടെ ഇടയിലും സുവിശേഷം അറിയിപ്പാൻ തക്കവണ്ണം..." എന്നും പൗലൊസ് എഴുതിയല്ലോ (ഗലാത്യർ 2:9). അതെ, പലർക്കും ശുശ്രൂഷകൾ പലതാണ്. ചിലർ നടും; മറ്റു ചിലർ നനയ്ക്കും. ചിലർ ജാതികളുടെ ഇടയിൽ സുവി ശേഷം അറിയിക്കും; മറ്റു ചിലർ യെഹൂദന്മാരുടെ ഇടയിൽ സുവിശേഷം അറിയിക്കും. അങ്ങനെ ദൈവസഭ അഭിവൃദ്ധി പ്രാപിക്കും.

യെഹൂദന്മാരാകുന്ന മണ്ണു കിളക്കാൻ പത്രൊസ് എന്ന മൺവെട്ടി; ജാതി കളാകുന്ന മണ്ണു കിളക്കാൻ പൗലൊസ് എന്ന മൺവെട്ടി! പ്രിയ വിശ്വാസി, നാം രക്ഷിക്കപ്പെട്ടപ്പോൾ ദൈവമാകുന്ന കർഷകന്റെ കയ്യിലെ പുതിയ ഒരു ഉപകരണമായി മാറുകയായിരുന്നു. ദൈവം ആ ഉപകരണത്തെ ഉപയോഗി ക്കാതിരുന്നാൽ ആ ഉപകരണം തുരുമ്പിച്ചുപോകും; നശിച്ചുപോകും. നമ്മെ ബലം പ്രയോഗിച്ച് ഉപയോഗിക്കാൻ ദൈവം തയ്യാറല്ല. നാം അവിടുത്തെ കയ്യിലേക്ക് നമ്മെ ഏല്പിച്ചുകൊടുക്കണം. ദൈവത്താൽ ഉപയോഗിക്കപ്പെ ടാതെ തുരുമ്പെടുത്ത് നശിച്ചുപോകുന്ന ഉപകരണങ്ങളല്ല, പിന്നെയോ ദൈവ ത്താൽ തുടർച്ചയായി ഉപയോഗിക്കപ്പെട്ട് തേയ്മാനം വന്നു ഇല്ലാതായിത്തീ രുന്ന ഉപകരണങ്ങളായി നാം മാറണം.

**തെർത്തൊസിന്റെ ശുശ്രൂഷ**

പൗലൊസിന്റെ ലേഖനങ്ങൾ (ഗലാത്യർ ഒഴികെ) എഴുതിയത് ഒരു പക്ഷേ ഈ തെർത്തൊസ് ആയിരിക്കാം. ഒന്നിലും തന്റെ പേര് അദ്ദേഹം എഴുതിയില്ല. റോമാലേഖനത്തിൽ പലരുടെയും വന്ദനം അറിയിക്കുന്ന കൂട്ട ത്തിലാണ് തെർത്തൊസ് പൗലൊസിന്റെ അനുവാദത്തോടുകൂടി തന്റെയും കൂടി വന്ദനം അറിയിച്ചത്. ഇങ്ങനെയൊരു കാര്യം അദ്ദേഹം ചെയ്തില്ലായി രുന്നുവെങ്കിൽ ആ വിശ്വാസിയെ നാമാരും അറിയുകപോലുമില്ല. ശുശ്രൂഷ ചെയ്യുകയും എന്നാൽ അത് ആരാലും അറിയപ്പെടാതെ പോവുകയും ചെയ്യു കയോ! അതെ, അങ്ങനെയുമുണ്ട്. പക്ഷേ ദൈവം എല്ലാവരെയും കാണു ന്നുണ്ട്. ഇന്നു ആരാലും അറിയപ്പെടാത്ത നിരവധി ദൈവമക്കൾ ഒരിക്കൽ ദൈവത്താൽ ആദരിക്കപ്പെടും; അതു കണ്ട് പലരും വിസ്മയിക്കുകയും ചെയ്യും.

**(തുടരും)**


**Visit our website: www.reallifevoice.in**

**വായിക്കുക (മലയാളത്തിൽ/ഇംഗ്ലീഷിൽ)**

വിശ്വാസവും സ്നാനവും: ഒന്നാം നൂറ്റാണ്ടിൽ എങ്ങനെയായിരുന്നു?

Faith and Baptism: How Was It Taught and Practiced in the First Century?

# ഹബക്കൂക് (പുസ്തകപഠനം) 21

-എംവിഎസ്-

**ഹബക്കൂക് 2:18**

*പണിക്കാരൻ ഒരു ബിംബത്തെ കൊത്തിയുണ്ടാക്കുവാൻ അതിനാലോ, പണിക്കാരൻ വ്യാജം ഉപദേശിക്കുന്ന വാർപ്പുവിഗ്രഹത്തിൽ ആശ്രയിച്ചുകൊണ്ട് ഊമ മിഥ്യാമൂർത്തികളെ ഉണ്ടാക്കുവാൻ അതിനാലോ എന്തു പ്രയോജനമുള്ളൂ?*

യിസ്രായേൽമക്കളെ കൽദയർ ആക്രമിച്ചുകീഴടക്കുമെന്നു മാത്രമല്ല, ദൈവത്തിന്റെ ശിക്ഷാവിധി ആ കൽദയർക്കുനേരെയും വരുമെന്നു കൂടി ഹബക്കൂക് പ്രവചിക്കുകയാണ്. കൽദയരുടെ ഭാഗത്തുള്ള ഗുരുതരമായ വീഴ്ചകൾ പ്രവാചകൻ ചൂണ്ടിക്കാണിക്കുന്നുണ്ട്. അതിൽ ഒന്ന് മദ്യപാനമാണ് (2:15-16). കൊലപാതകവും പ്രകൃതിയെ നശിപ്പിക്കലും അവരുടെ മറ്റു പാപങ്ങളാണ് (2:17).

**1. കൊത്തിയോ വാർത്തോ ഉണ്ടാക്കുന്ന വിഗ്രഹങ്ങൾ**

2:18 ൽ അവരുടെ മറ്റൊരു പാപത്തെക്കുറിച്ച് പറഞ്ഞിരിക്കുന്നു. അത് വിഗ്രഹനിർമ്മാണമാണ്. വിഗ്രഹത്തെ കൊത്തിയോ വാർത്തോ ഉണ്ടാക്കുന്നുവെന്ന് ഇവിടെ പറഞ്ഞിട്ടുണ്ട്. ഇന്നും വിഗ്രഹങ്ങൾ ഉണ്ടാക്കുന്നത് കൊത്തിയോ വാർത്തോ തന്നെയാണ്. അത് ഹിന്ദുക്ഷേത്രങ്ങളിൽ വച്ചിട്ടുള്ള വിഗ്രഹങ്ങളായാലും ക്രൈസ്തവദേവാലയങ്ങളിൽ വച്ചിട്ടുള്ള വിഗ്രഹങ്ങളായാലും, ഒന്നുകിൽ കൊത്തിയുണ്ടാക്കിയത്, അല്ലെങ്കിൽ വാർത്തുണ്ടാക്കിയത് ആയിരിക്കും. മരമോ കല്ലോ ആണെങ്കിൽ കൊത്തിയുണ്ടാക്കും. പ്ലാസ്റ്റർ ഓഫ് പാരീസ്, സിമന്റ്, ലോഹങ്ങൾ എന്നിവ കൊണ്ടുള്ളതാണെങ്കിൽ വാർത്തുണ്ടാക്കും.

വിഗ്രഹനിർമ്മാണത്തെയും വിഗ്രഹാരാധനയെയും വിമർശിക്കുന്ന ഗ്രന്ഥമാണ് ബൈബിൾ. എത്രയോ ഇടങ്ങളിൽ ബൈബിൾ വിഗ്രഹാരാധനയെ വിമർശിച്ചിരിക്കുന്നു. പലയിടത്തും വളരെ രൂക്ഷമായ ഭാഷയാണ് വേദപുസ്തകത്തിന്റെ രചയിതാക്കൾ ഉപയോഗിച്ചിരിക്കുന്നത്. എന്നിട്ടും ക്രിസ്ത്യാനികൾ എന്നു പേരുപറയുന്നവർ പോലും അവരുടെ പള്ളികളിൽ വിഗ്രഹങ്ങളെ വച്ചിരിക്കുന്നു! എന്നിട്ട്, ബൈബിൾ വിമർശിച്ചിരിക്കു

ന്നത് ക്രിസ്തീയവിഗ്രഹങ്ങളെയല്ലെന്ന് വാദിക്കുകയും ചെയ്യുന്നു. ഇത് അറിവില്ലായ്മ കൊണ്ടാണോ, അതോ തൊലിയുടെ കട്ടി വളരെ കൂടിപ്പോയതുകൊണ്ടാണോ?

കൊത്തിയോ വാർത്തോ ഉണ്ടാക്കുന്ന വിഗ്രഹങ്ങളെ ബൈബിൾ വിമർശിക്കുകയും അതു ചെയ്തവരെ ശിക്ഷിക്കുന്ന കാര്യം രേഖപ്പെടുത്തുകയും ചെയ്തിരിക്കെ, അതുപോലെയുള്ള വിഗ്രഹങ്ങൾ ഉണ്ടാക്കി വച്ച് അതിനെ ന്യായീകരിക്കുന്നവരെ എന്തു പറയേണ്ടൂ? എന്തു വിളിക്കേണ്ടൂ? വിഗ്രഹങ്ങൾ ആരു നിർമ്മിച്ചാലും അവ വിഗ്രഹങ്ങൾ തന്നെയാണ്. ദൈവത്തിൽനിന്ന് ശിക്ഷ ഇരന്നുവാങ്ങുന്ന പ്രവൃത്തിയാണത്. ബൈബിൾ അത് വ്യക്തമായി പറയുന്നുണ്ട്.

**2. മിണ്ടാത്ത വിഗ്രഹങ്ങൾ**

ഊമ മിഥ്യാമൂർത്തികൾ എന്നാണ് ഹബക്കൂക് പറയുന്നത്. മിണ്ടാൻ കഴിയാത്ത വിഗ്രഹങ്ങൾ! ക്രിസ്ത്യാനികളേ, നിങ്ങൾ പള്ളികളിൽ വച്ചിരിക്കുന്ന വിഗ്രഹങ്ങൾ മിണ്ടുന്നവയാണോ? അത്തരം ഊമകളായ വിഗ്രഹങ്ങളെ വിമർശിച്ചിരിക്കുന്ന പുസ്തകമാണ് നിങ്ങളുടെ വീട്ടിലിരിക്കുന്ന ബൈബിൾ എന്ന് ഇപ്പോഴെങ്കിലും അറിയുക, മനസ്സിലാക്കുക. മനുഷ്യന്റെ പ്രശ്നങ്ങളെ മനസ്സിലാക്കാനോ അവന്റെ കണ്ണീരൊപ്പാനോ കഴിയാത്ത വെറും വിഗ്രഹങ്ങളാണവ!

അവറ്റകളെ നാം ശ്രദ്ധിക്കേണ്ട ഗതികേടല്ലേ ഉള്ളത്? അവയുടെ മേലുള്ള പൊടി നാം തട്ടിക്കളയണം, നാം അവയെ വൃത്തിയാക്കണം, നാം അവയെ ചുമന്നുകൊണ്ടു നടക്കണം... സ്വന്തമായി ഒന്നും ചെയ്യാൻ അവറ്റകൾക്കാവില്ല. കാരണം അവ വെറും വിഗ്രഹങ്ങളാണ്. ആ വിഗ്രഹങ്ങളുടെ മുമ്പിൽ മുട്ടുകുത്തുക, തൊട്ടുമുത്തുക മെഴുകുതിരി കത്തിക്കുക, കണ്ണീരോടെ പ്രാർത്ഥിക്കുക... എന്തെല്ലാം കോപ്രായങ്ങളാണ് ആളുകൾ കാണിച്ചുകൂട്ടുന്നത്?! ബൈബിൾ ദൈവവചനമാണെന്നു വിശ്വസിക്കുന്നവരാണ് നിങ്ങളെങ്കിൽ, ആ വിഗ്രഹങ്ങളെ എതിർക്കുന്ന പുസ്തകമാണ് ബൈബിൾ എന്ന സത്യം തിരിച്ചറിഞ്ഞ്, അവയെ ഉപേക്ഷിക്കാൻ തീരുമാനമെടുക്കുക.

**3. പ്രയോജനമില്ലാത്ത വിഗ്രഹങ്ങൾ**

*അതിനാലോ എന്തു പ്രയോജനമുള്ളൂ?* എന്ന് പ്രവാചകൻ ഇവിടെ ചോദിക്കുന്നുണ്ട്. യാതൊരു പ്രയോജനവുമില്ലെന്നർത്ഥം. കുറെ ദോഷങ്ങളുണ്ട് താനും. ആ വിഗ്രഹം ഉണ്ടാക്കുവാനായി പാഴാക്കിയ പണം, സമയം... പിന്നെ ആ വിഗ്രഹമുണ്ടാക്കിയതു നിമിത്തം അവരുടെ മേൽ വരുന്ന വലിയ ദൈവകോപം...കയ്യിലെ കാശു മുടക്കി കടിക്കുന്ന പട്ടിയെ വാങ്ങുന്ന

അനുഭവം! ബുദ്ധിയുള്ളവരെപ്പോലെ പെരുമാറാൻ നാം പഠിക്കുക, പരിശീലിക്കുക.

## ഹബക്കൂക് 2:19

*മരത്തോട്: ഉണരുക എന്നും ഊമക്കല്ലിനോട്: എഴുന്നേൽക്ക എന്നും പറയുന്നവന് അയ്യോ കഷ്ടം! അത് ഉപദേശിക്കുമോ? അത് പൊന്നും വെള്ളിയും പൊതിഞ്ഞിരിക്കുന്നു. അതിന്റെ ഉള്ളിൽ ശ്വാസം ഒട്ടും ഇല്ലല്ലോ.*

**4. ഉണരാത്ത, ഉപദേശിക്കാത്ത വിഗ്രഹങ്ങൾ**

നമ്മുടെ ആവശ്യങ്ങളിൽ എന്തെങ്കിലും സഹായം ചെയ്യാനോ, ഏതെങ്കിലും തരത്തിലുള്ള ഉപദേശങ്ങൾ തരാനോ ഈ വിഗ്രഹങ്ങൾക്കാവില്ല. പ്രശ്നങ്ങളും പ്രയാസങ്ങളും വരുമ്പോൾ ഈ വിഗ്രഹങ്ങളുടെ അടുക്കൽ ചെന്നിട്ട്, അവയോട് ഉണരാനും ഉപദേശിക്കാനും പറയുന്നവർക്ക് അയ്യോ കഷ്ടം! ഇതുപോലെയുള്ള ആനമണ്ടത്തരം കാണിക്കാൻ ബുദ്ധിയുള്ള മനുഷ്യർക്ക് എങ്ങനെ കഴിയുന്നു, ആവോ?

**5. ചത്ത വിഗ്രഹങ്ങൾ**

*അതിന്റെ ഉള്ളിൽ ശ്വാസം ഒട്ടും ഇല്ലല്ലോ.* എന്നു വച്ചാൽ, യാതൊരു പ്രതീക്ഷയും വേണ്ടെന്നു സാരം. ഒരു നേരിയ മിടിപ്പെങ്കിലും ഉണ്ടെങ്കിൽ എന്തെങ്കിലും ഒരു പ്രതീക്ഷയുണ്ടെന്നു ചിന്തിക്കാം. ഇതങ്ങനെയല്ല. അതിന്റെ ഉള്ളിൽ ശ്വാസം ഒട്ടും ഇല്ല.

## ഹബക്കൂക് 2:20

*എന്നാൽ യഹോവ തന്റെ വിശുദ്ധമന്ദിരത്തിൽ ഉണ്ട്. സർവഭൂമിയും അവന്റെ സന്നിധിയിൽ മൗനമായിരിക്കട്ടെ.*

ജീവനുള്ള ദൈവം തന്റെ വിശുദ്ധ മന്ദിരമായ സ്വർഗ്ഗത്തിൽ ഉള്ള കാര്യം പ്രവാചകൻ ഓർമ്മിപ്പിക്കയാണ്. ഉണരുക എന്നോ ഉപദേശിക്കുക എന്നോ ഈ ദൈവത്തിന്റെ മുമ്പാകെ ആരും ആവലാധി പറയേണ്ട കാര്യമില്ല. മയങ്ങാത്ത, ഉറങ്ങാത്ത ദൈവമാണ്. മനുഷ്യന്റെ പ്രശ്നങ്ങളെ മനസ്സിലാക്കാനുള്ള കഴിവും അവ പരിഹരിക്കാനുള്ള ശേഷിയും ഉള്ളവനാണ് ഈ ദൈവം. ഒറിജിനൽ സമീപേ ഉള്ളപ്പോൾ പ്രയോജനമില്ലാത്ത ഡ്യൂപ്ലിക്കേറ്റുകൾ എന്തിന് സ്വന്തമാക്കണം?

കൽദയരുടെ ദേവന്മാരായ വിഗ്രഹങ്ങളും യിസ്രായേൽമക്കളുടെ ഭാഗത്തുള്ള ജീവനുള്ള ദൈവവും തമ്മിൽ നേർക്കുനേർ വരുമ്പോൾ, ആ വിഗ്രഹങ്ങളത്രയും തകർന്നടിയും. കൽദയരും തകർന്നടിയും.

**(തുടരും)**

# കൊച്ചുണ്ണിയുടെ ബൈബിൾവായന

**എംവിഎസ്**

24

## മോവാബ്‌രാജാവിന്റെ തെറ്റിന് യിസ്രായേല്യരുടെ മേൽ മഹാകോപമോ?

ആണ്ടിലൊരിക്കൽ ബൈബിൾ വായിക്കുന്നവനല്ല ബ്രദർ കൊച്ചുണ്ണി. എല്ലാ ദിവസവും വായിക്കും. വായിച്ചതിനുശേഷം അതിനെക്കുറിച്ച് ചിന്തിക്കും. അവിടം വരെ ഓകെ. പിന്നെയാണ് പ്രശ്നം.

വായിച്ച വേദഭാഗത്തെക്കുറിച്ച് ചിന്തിച്ച് ചിന്തിച്ച് കൊച്ചുണ്ണിബ്രദർ അസംതൃപ്തനാകും. ദേഷ്യപ്പെടും. ബൈബിളിലെ പല കാര്യങ്ങളോടും കൊച്ചുണ്ണിക്ക് അതൃപ്തിയുണ്ട്.

മൂപ്പനോടും ഇട്ടിയപ്പച്ചനോടുമാണ് കൊച്ചുണ്ണിബ്രദർ തന്റെ വിയോജനക്കുറിപ്പുകൾ പങ്കുവയ്ക്കുന്നത്. മൂപ്പൻ എല്ലാറ്റിനും വിശദീകരണം കൊടുക്കുമെങ്കിലും കൊച്ചുണ്ണിബ്രദർ മിക്കവാറും തൃപ്തിപ്പെടാറില്ല.

“ദേ കൊച്ചുണ്ണി പാഞ്ഞ് വരുന്നു. കയ്യിൽ ബൈബിളൊക്കെയുണ്ട്. ഇന്ന് എന്താണാവോ മൂപ്പരുടെ സംശയം?” ഇട്ടിയപ്പച്ചൻ കൊച്ചുണ്ണിബ്രദറിന്റെ വരവ് കണ്ട് മൂപ്പനോടു പറഞ്ഞു.

“എന്താ കൊച്ചുണ്ണ്യേ, ഇന്നത്തെ പ്രശ്നം?” ഇട്ടിയപ്പച്ചന്റെ ചോദ്യം.

‘‘എനിക്കൊരു പ്രശ്നവുമില്ല. ബൈബിൾ വായിച്ചിട്ട് എനിക്ക് ചില കാര്യങ്ങളോട് വിയോജിപ്പുണ്ട്. അത്ര തന്നെ” ബ്രദർ കൊച്ചുണ്ണിയുടെ ഗൗരവത്തോടെയുള്ള മറുപടി.

“മൂപ്പനല്ലേ ഇരിക്കുന്നത്... എന്താണ് ചോദ്യമെങ്കിൽ ചോദിക്ക്” ഇട്ടിയപ്പച്ചൻ ഉത്സാഹിപ്പിച്ചു.

ബ്രദർ കൊച്ചുണ്ണി ബൈബിൾ തുറന്നു: “2 രാജാക്കന്മാർ 3:27 ഞാൻ വായിക്കാം. *ആകയാൽ അവൻ (മോവാബ് രാജാവ്) തന്റെ ശേഷം വാഴുവാനുള്ള ആദ്യജാതനെ പിടിച്ച് മതിലിന്മേൽ ദഹനയാഗം കഴിച്ചു. അപ്പോൾ യിസ്രായേല്യരുടെ മേൽ മഹാകോപം വന്നതുകൊണ്ട് അവർ അവനെ വിട്ട് സ്വദേശത്തേക്ക് മടങ്ങിപ്പോന്നു.*”

‘‘എന്റെ സംശയം ഇതാണ്. മോവാബ് രാജാവ് അങ്ങേരുടെ മൂത്തമകനെ യാഗം കഴിച്ചതിന് യിസ്രയേൽജനത്തിന്റെ നേരെ ദൈവത്തിന്റെ മഹാകോപം വന്നത് എന്തിനാണ്?”

“അത് ശരിയാണല്ലോ മൂപ്പാ?” ഇട്ടിയപ്പച്ചനും ആകെ കൺഫ്യൂഷൻ

മൂപ്പൻ മറുപടി പറയാനായി തുടങ്ങി.

“മൂന്നു രാജാക്കന്മാർ ഒരുമിച്ച് നിന്ന് മോവാബ്‌രാജാവായ മേശായ്ക്കിനോട് യുദ്ധം ചെയ്യുന്നതാണ് സന്ദർഭം. മോവാബിന് കനത്ത പ്രഹരമാണ് അവർ ഏൽപ്പിച്ചത്.”

“എങ്ങനെയെങ്കിലും രക്ഷപ്പെടാനായി മേശായ്ക്ക് എദോംരാജാവിന്റെ ഭാഗത്ത് 700 യോദ്ധാക്കളുമായി ഏറ്റുമുട്ടി. അവരെ തോൽപ്പിക്കാൻ കഴിഞ്ഞാൽ, ആ ഭാഗത്തുകൂടി രക്ഷപ്പെടാം എന്നു അദ്ദേഹം ചിന്തിച്ചുകാണും. പക്ഷേ ആ ശ്രമം വിജയിച്ചില്ല.”

“അപ്പോൾ പരിഭ്രാന്തനായ മേശായ്ക്ക്, തന്റെ മൂത്ത മകനെ പിടിച്ച് മതിലിന്മേൽവച്ച്, എല്ലാവരും കാൺകെ അറുത്ത്കൊന്ന്, തീയിൽ ഇട്ട് ദഹിപ്പിച്ചു.”

“കണ്ടവരെല്ലാം പരിഭ്രമിച്ചു പോകത്തക്കവിധമുള്ള ഒരു പ്രവൃത്തിയായിരുന്നു അത്. മോവാബ്‌രാജാവായ മേശായ്ക്ക് ചെയ്ത ഈ ദോഷത്തിന് വലിയ കോപം വന്നത് യിസ്രായേൽ രാജാവിന്റെ മേലായിരുന്നു എന്നതാണ് ഇവിടത്തെ വലിയ ട്വിസ്റ്റ്.”

“വാസ്തവത്തിൽ മോവാബിനോട് യുദ്ധം ചെയ്യാൻ തയ്യാറായത് യിസ്രായേൽരാജാവാണ്. യിസ്രായേൽരാജാവ് കൂട്ടിന് വിളിച്ചതാണ് യെഹൂദാരാജാവിനെ (2 രാജാക്കന്മാർ 3:7). യെഹൂദാരാജാവിന്റെ മേലധികാരത്തിന് കീഴടങ്ങിയിരിക്കുന്നവരാണ് എദോം രാജാവ് (2 രാജാക്കന്മാർ 8:20).”

“മേശായ്ക്ക് സ്വന്തം മകനെ അറുത്ത്കൊന്ന് അവന്റെ ദേവനായ കെമോശിന് യാഗം അർപ്പിച്ചത്, കണ്ടുനിന്ന എല്ലാവരുടെയും മനഃസാക്ഷിയെ പിടിച്ചുകുലുക്കിയ കാര്യമായിരുന്നു.”

“മേശായ്ക്ക് അവിടെ സൃഷ്ടിച്ചത് വൈകാരികമായ കാര്യങ്ങളാണ്. മകനെ യാഗം കഴിക്കുന്നതിനു മുമ്പുള്ള മേശായ്ക്കിന്റെ വികാരഭരിതമായ വാചകങ്ങൾ (അവ ബൈബിളിൽ രേഖപ്പെടുത്തിയിട്ടില്ല) കേൾവിക്കാരുടെ മനസ്സുകളെ അവനോട് അടുപ്പിച്ചു എന്നു ചിന്തിക്കാവുന്നതാണ്.”

“യിസ്രായേല്യരുടെ മേൽ മഹാകോപം വന്നു എന്ന് നാം വായിക്കുന്നുണ്ട്. ദൈവത്തിന്റെ മഹാകോപം വന്നു എന്ന് അവിടെ രേഖപ്പെടുത്തിയിട്ടില്ല. വന്നത് മനുഷ്യരുടെ മഹാകോപമാണ്.”

“ആരുടെ മഹാകോപം? മോവാബ്യരുടെ തന്നെ. അവരുടെ രാജാവ് അവിടെ സൃഷ്ടിച്ച വൈകാരികമായ ആ രംഗം മോവാബ്യരുടെ യിസ്രായേല്യരോടുള്ള പകയെ വർദ്ധിപ്പിക്കാൻ കാരണമായി എന്നു ചിന്തിക്കാം. മാത്രമല്ല, യിസ്രായേൽ രാജാവിന്റെ കൂടെയുള്ള യെഹൂദാരാജാവും എദോംരാജാവും കൂടെ ഈ സംഭവത്തിൽ അതൃപ്തരായിക്കാണണം.”

“എദോംരാജാവ് സ്വന്തം താത്പര്യത്തിൽ യുദ്ധത്തിന് വന്നതാകാൻ സാദ്ധ്യതയില്ല. യെഹൂദർക്ക് കീഴടങ്ങിയിരിക്കുന്നതുകൊണ്ട്, യെഹൂദാ

രാജാവിന്റെ ഒപ്പം വരാൻ നിർബന്ധിതിനായതാകാം. അതായത്, യെഹൂദയെയും എദോമിനെയും നേരിട്ട് ബാധിക്കാത്ത ഒരു കാര്യത്തിന്റെ പേരിലുള്ള യുദ്ധമാണത്."

"മോവാബ്‌രാജാവ് ചെയ്ത ഈ കടുംകൈ കണ്ടപ്പോൾ യെഹൂദാരാജാവിനും എദോംരാജാവിനും, കാര്യങ്ങൾ ഇത്രത്തോളം വഷളായതിൽ അതൃപ്തിയുണ്ടാവുക സ്വാഭാവികമാണ്. അങ്ങനെ എല്ലാവരുടെയും അതൃപ്തി യിസ്രായേൽരാജാവിനു നേരിടേണ്ടിവന്നു."

"യിസ്രായേല്യരുടെ മേൽ മാത്രമാണ് മഹാകോപം വന്നതായി രേഖപ്പെടുത്തിയിരിക്കുന്നത്. അവിടെ ബാക്കിയുണ്ടായിരുന്നവരുടെ കോപമാണ് വന്നത് എന്നു ന്യായമായും ഊഹിക്കാമല്ലോ. അങ്ങനെ ചിന്തിക്കുമ്പോൾ, മോവാബ്യരുടെയും യെഹൂദ്യരുടെയും എദോമ്യരുടെയും കോപം യിസ്രായേല്യരുടെ മേൽ വന്നു എന്ന നിഗമനത്തിലാണ് നാം എത്തിച്ചേരുക."

"യുദ്ധം മതിയാക്കി യിസ്രായേല്യർ മടങ്ങിപ്പോവുകയും ചെയ്തു."

''ദൈവത്തിന്റെ മഹാകോപം യിസ്രായേല്യരുടെമേൽ വന്നു എന്നു ചിന്തിക്കുന്നത് യുക്തിക്ക് ചേരുന്നതല്ല. മോവാബ്‌രാജാവ് ചെയ്ത തെറ്റിന് ദൈവം യിസ്രായേല്യരുടെമേൽ എന്തിന് കോപിക്കണം?"

"മോവാബ്ദേവനായ കെമോശിന്റെ കോപമാണ് യിസ്രായേല്യരുടെ മേൽ വന്നത് എന്ന് വ്യാഖ്യാനിക്കുന്നവരുണ്ട്. ഇത് ശുദ്ധഅസംബന്ധമാണ്. കാരണം കെമോശ് എന്നത് വെറും ഭാവനാസൃഷ്ടിയായ ദേവനാണല്ലോ. വെറുമൊരു മിഥ്യാമൂർത്തി. അങ്ങനെ മനുഷ്യന്റെ ഭാവനാസൃഷ്ടി മാത്രമായ കെമോശ് ആരോട് കോപിക്കാൻ?"

"മോവാബ്‌രാജാവ് യാഗം കഴിച്ചത് എദോംരാജാവിന്റെ മകനെയാണ് എന്നു വ്യാഖ്യാനിക്കുന്നവരും ഉണ്ട്. എദോംരാജാവിന്റെ മകനെ യുദ്ധത്തടവുകാരനാക്കി സൂക്ഷിക്കുകയും തുടർന്ന് അവനെ പരസ്യമായി യാഗം കഴിക്കുകയും ചെയ്തപ്പോൾ എദോമ്യരുടെ മഹാകോപം യിസ്രായേലിന്റെ നേരെ വന്നതാണത്രേ."

"ഇതിന് തെളിവായി ആമോസ് 2:1 അവർ ചൂണ്ടിക്കാണിക്കുന്നു. മോവാബ്‌രാജാവ് എദോംരാജാവിന്റെ അസ്ഥികളെ ചുട്ടുകുമ്മായമാക്കി എന്നു അവിടെ വായിക്കുന്നുണ്ട്."

"ഇത് മറ്റൊരു സംഭവമായിരിക്കുന്നതിനാണ് സാദ്ധ്യത. കാരണം ഇവിടെ പറഞ്ഞിരിക്കുന്നത് എദോംരാജാവിനെക്കുറിച്ചാണ്. 2 രാജാക്കന്മാരിൽ പറഞ്ഞിരിക്കുന്നത് എദോംരാജാവിന്റെ മകനെക്കുറിച്ചാണ്. മാത്രമല്ല, ഇവിടെ അസ്ഥികളെടുത്ത് ചുട്ട കാര്യമാണ് പറയുന്നത്. 2 രാജാക്കന്മാരിലാകട്ടെ, ദഹനയാഗം കഴിച്ച കാര്യമാണ് പറഞ്ഞിരിക്കുന്നത്. രണ്ടും രണ്ടു വ്യത്യസ്ത സംഭവങ്ങളാണെന്നർത്ഥം."

"ചുരുക്കിപ്പറഞ്ഞാൽ, യിസ്രായേല്യരുടെ നേരെ വന്ന മഹാകോപം മോവാബ്, യെഹൂദ്യ, എദോം എന്നിവരുടേതാണ്, ദൈവത്തിന്റേതല്ല"

# ഓരോരോ ജന്മങ്ങള്!

**-എംവിഎസ്-**

14

## ലിവിങ് റ്റുഗെദറും സ്വവർഗ്ഗവിവാഹവും

നേരേ ചൊവ്വേ നടക്കാൻ കുറെ പേർക്ക് താത്പര്യമില്ല. വിവാഹിതരായി അന്തസ്സോടെ ജീവിക്കാൻ മനസ്സില്ല. പകരം ആണും പെണ്ണും ഒരുമിച്ച് ജീവിക്കുക – ലിവിംങ് റ്റുഗെദർ! വിവാഹം രജിസ്റ്റർ ചെയ്യാതെ ഭാര്യാഭർത്താക്കന്മാരെപ്പോലെ ജിവിക്കുന്ന ഇവരെ ഭാര്യാഭർത്താക്കന്മാരായി കാണാൻ കഴിയില്ലെന്ന് ഹൈക്കോടതി വിധിച്ചത് ഇത്തരക്കാർക്ക് വലിയൊരു പ്രഹരമായിരിക്കയാണ്. 2023 ലെ ഒക്ടോബർ 17 ലെ പത്രങ്ങൾ ഇക്കാര്യം റിപ്പോർട്ട് ചെയ്തിരുന്നു.

അല്ല പൊന്നുംകട്ടകളേ, ഞാനൊന്നു ചോദിക്കട്ടെ: ഇങ്ങക്കെന്താ കല്യാണം കഴിച്ചാല്? ഇങ്ങളൊരു സ്ഥലം വാങ്ങ്യാ, അത് രജിസ്റ്റർ ചെയ്യൂലേ? രജിസ്റ്റർ ചെയ്ത സ്ഥലം, രജിസ്റ്റർ ചെയ്ത ബൈക്ക്, രജിസ്റ്റർ ചെയ്ത സ്ഥാപനം... പിന്നെന്താ കല്യാണം മാത്രം രജിസ്റ്റർ ചെയ്യാൻ ഇങ്ങക്ക് ഒരു വൈക്ലബ്യം? ഒരു വൈമനസ്യം? ഒരു വൈരാഗ്യം? അതു വേണ്ട, ഇങ്ങള് കല്യാണം രജിസ്റ്റർ ചെയ്ത് ഒരുമിച്ച് ജീവിച്ചോളിൻ. അതോ, ഒരുമിച്ച് ജീവിക്കണേന്റെ ഊഷ്മളത കാരണം രജിസ്റ്റർ ചെയ്യാൻ നേരം കിട്ടാണ്ടാണോ?

ഏതായാലും ലിവിംങ് റ്റുഗേദർ എന്ന വികലമായ ആശയത്തിന്റെ മണ്ടയ്ക്കിട്ട് നല്ലൊരു കൊട്ട് കൊടുത്ത ഹൈക്കോടതിയെ അഭിനന്ദിക്കുന്നു. എല്ലാറ്റിനും അംഗീകൃതരേഖകൾ ആവശ്യമുണ്ട്. ഡിഗ്രി പാസ്സായാൽ അതിന്റെ സർട്ടിഫിക്കറ്റ് വേണം. ഡ്രൈവിംഗ് ടെസ്റ്റ് പാസ്സായാൽ ലൈസൻസ് ലഭിക്കും. ഞാൻ ടെസ്റ്റ് പാസ്സായി, പക്ഷേ എനിക്ക് ലൈസൻസ് വേണ്ട എന്നു ഒരുത്തൻ തീരുമാനിച്ചാൽ അവൻ മണ്ടനോ മനോരോഗിയോ ആയിരിക്കും. അല്ലാതെ വിവരമുള്ള ആരും അത്തരമൊരു തീരുമാനം എടുക്കില്ല. ഇതുപോലെയാണ് ലിവിംഗ് റ്റുഗേദർകാരുടെ കാര്യം. കല്യാണം കഴിക്കാതെ ഒരുമിച്ചു ജീവിക്കുകയാണത്രേ! വീടും പറമ്പും ഉള്ള ഒരു സ്ഥലം പണം കൊടുത്തു വാങ്ങിയതിനുശേഷം, അത് സ്വന്തം പേരിൽ രജിസ്റ്റർ ചെയ്യാതെ, അവിടെ താമസിക്കുന്ന പോലുള്ള വിവരക്കേട് ആണ് ലിവിംഗ് റ്റുഗെദർ.

അടുത്തത് സ്വവർഗ്ഗവിവാഹം. ആണും ആണും തമ്മിൽ, അല്ലെങ്കിൽ പെണ്ണും പെണ്ണും തമ്മിൽ വിവാഹം! എന്തിന്? സ്വവർഗ്ഗവിവാഹത്തിന് നിയ

മപരമായ അംഗീകാരം നൽകണമെന്ന ആവശ്യം സുപ്രീംകോടതിയുടെ അഞ്ചംഗ ഭരണഘടനാ ബെഞ്ച് ഏകസ്വരത്തിൽ തള്ളി. ഇതു സംബന്ധിച്ച പത്രവാർത്ത 2023 ഒക്ടോബർ 18 ൽ വായിച്ചപ്പോൾ എന്നെപ്പോലുള്ളവർക്ക് വലിയ സന്തോഷവും അഭിമാനവും തോന്നുക സ്വാഭാവികം.

ഈ സ്വവർഗ്ഗക്കാരുടെ അപ്പനമ്മമാർ ഇതുപോലെ സ്വവർഗ്ഗവിവാഹം എന്ന ആശയം നടപ്പാക്കിയിരുന്നുവെങ്കിൽ ഇവരൊന്നും ഈ ഭൂമിയിൽ ജനിക്കില്ലായിരുന്നു എന്നു ഓർക്കുന്നത് നല്ലതാണ്. പല രാജ്യങ്ങളും സ്വവർഗ്ഗ വിവാഹത്തെ നിയമംമൂലം അംഗീകരിച്ചുകഴിഞ്ഞു. എന്നാൽ നമ്മുടെ സുപ്രീംകോടതിയുടെ അന്തസ്സുറ്റ ഈ വിധി ഭാരതത്തിന്റെ ശിരസ്സിനെ വാനോളം ഉയർത്തുന്നുണ്ട്. സ്വവർഗ്ഗക്കാരുടെ ലൈംഗികവൈകൃതങ്ങൾക്ക് ചുക്കാൻ പിടിക്കാനും കൂട്ടുനിൽക്കാനും നമ്മുടെ പരമോന്നത കോടതി തയ്യാറായില്ല. വിവാഹം എന്ന പവിത്രമായ ആശയത്തെ കൊന്നുകുഴിച്ചു മൂടാനുള്ള സ്വവർഗ്ഗക്കാരുടെ അദ്ധ്വാനമാണ് സുപ്രീംകോടതി തടഞ്ഞത്.

വിവാഹമെന്നത് ലൈംഗികവൈകൃതങ്ങൾക്കുള്ള ഒരു വേദിയല്ല. വിവാഹം പവിത്രമാണ്. പരസ്പരം തുണയായി, ആശ്വസിപ്പിച്ചും പ്രോത്സാഹിപ്പിച്ചും സഹായിച്ചും മാതൃകയായി ജീവിച്ചുകാണിക്കാനുള്ള ഉത്തരവാദിത്തം ഓരോ ഭാര്യാഭർത്താക്കന്മാർക്കുമുണ്ട്. വിവാഹം കഴിഞ്ഞാൽ മാത്രമേ അവരെ ഭാര്യാഭർത്താക്കന്മാരായി കാണാൻ കഴിയുകയുള്ളൂ. സ്വവർഗ്ഗവിവാഹത്തിൽ ഭാര്യാഭർത്താക്കന്മാർ ഇല്ല. ഭാര്യയും ഭർത്താവും ഇല്ലാതെ എന്തു വിവാഹം? പരിപ്പില്ലാതെ എന്തു പരിപ്പുപായസം?

മനുഷ്യനെ സൃഷ്ടിച്ച ദൈവം മാനവകുലത്തിന്റെ നന്മയ്ക്കുവേണ്ടി കല്പിച്ചതാണ് വിവാഹം എന്ന ആശയം. മനുഷ്യന് തക്ക തുണ ലഭിക്കണം എന്നതാണ് വിവാഹത്തിലൂടെ ദൈവം ഉദ്ദേശിച്ച പ്രധാന കാര്യം. അവർ പരസ്പരം സ്നേഹിച്ചും സന്തോഷിച്ചും ഒരുമിച്ചു ജീവിക്കണം. ഈ പാവനമായ ആശയത്തെയാണ് സ്വവർഗ്ഗക്കാരും ലിവിംഗ്ക്കാരും കൂടെ ചവറ്റുകുട്ടയിൽ വലിച്ചെറിയുന്നത്. എന്നിട്ട് എന്തു നേടാൻ?

ലിവിംഗ്ക്കാരെ നിങ്ങളുടെ മക്കളുടെ ഭാവിയെ കരുതിയെങ്കിലും നിങ്ങൾ പോയി നിയമപ്രകാരം വിവാഹിതരാവുക. പങ്കാളി എന്ന അവസ്ഥയിൽ നിന്നും ഭാര്യാഭർത്താക്കന്മാർ എന്ന ഉന്നതമായ അവസ്ഥയിൽ എത്തുക. മൃഗങ്ങളെ ഓർത്ത് ഞാൻ ദൈവത്തിന് സ്തോത്രം ചെയ്യുന്നു. കാരണം മൃഗങ്ങൾക്ക് ഈ സ്വവർഗ്ഗചിന്താഗതി ഇല്ലല്ലോ. ഉണ്ടായിരുന്നുവെങ്കിൽ എത്രയോ മൃഗങ്ങൾക്ക് വംശനാശം സംഭവിച്ചേനേ. കന്നിമാസത്തിൽ നായും നായുമല്ല, നായും പട്ടിയും ആണ് ഒരുമിച്ച് നടക്കുന്നത് എന്ന കാര്യം ചിന്തിച്ചുകൊണ്ട് സ്വവർഗ്ഗക്കാർ ബുദ്ധിപഠിക്കട്ടെ. ഓരോരോ ജന്മങ്ങള്!

# സമൂഹത്തിലെ ദുരന്തക്കാഴ്ചകൾ 67

**-എംവിഎസ്-**

## ഇനിയും ഇക്കഥ തുടരരുതേ...!

2023 ഒക്ടോബർ 2 -ാം തീയതി പത്രത്തിൽ കണ്ട ഒരു വാർത്തയാണിത്. ഒറ്റപ്പെട്ട ഒരു വാർത്തയല്ല ഇത്; തുടർക്കഥ പോലെ നിരവധി തവണ ആവർത്തിച്ചുകൊണ്ടിരിക്കുന്ന ഒരു വിപത്താണിത്.



**നെറ്റ് ചാർജ് ചെയ്യാൻ പണം കിട്ടിയില്ല: 12 വയസ്സുകാരൻ മരിച്ച നിലയിൽ**

വാടാനപ്പള്ളി● 12 വയസ്സുകാരനെ വീട്ടിനുള്ളിൽ തൂങ്ങിമരിച്ച നിലയിൽ കണ്ടെത്തി.

[illegible] സ് ആണ് മരിച്ചത്. മൊബൈൽ ഫോണിൽ ഇന്റർനെറ്റ് റീ ചാർജ് ചെയ്യാൻ കുട്ടി മാതാവിനോടു പൈസ ആവശ്യപ്പെട്ടിരുന്നു. സ്ഥിരമാ[illegible]ൺലൈൻ ഗെയിം കളിക്കാറുണ്ടായിരുന്നുവെന്നു പറയുന്നു.

പൈസ കിട്ടാതായപ്പോൾ ജോലി സ്ഥലത്തായിരുന്ന മാതാവിനോട് ആത്മഹത്യ ഭീഷണി മുഴക്കിയത്രേ. അവർ വിവരമറിയിച്ചതനുസരിച്ചു അയൽപക്കത്തുള്ളവർ വന്നു മുറി തുറന്ന് നോക്കുമ്പോൾ ഹാഫിസ് തൂങ്ങിമരിച്ച നിലയിലായിരുന്നു. മുറിയുടെ ഉള്ളിൽ മൊബൈൽ ഓണാക്കി വച്ചിരുന്നത് പിന്നീട് കണ്ടെത്തി. കബറടക്കം നടത്തി.

ഈ വാർത്ത വായിക്കുന്ന മാതാപിതാക്കൾ ഭയപരവശരാവുകയും തങ്ങളുടെ മക്കളെ മൊബൈലും ഇന്റർനെറ്റും യഥേഷ്ടം ഉപയോഗിക്കാൻ അനുവദിക്കുകയും ചെയ്യും. അല്ലെങ്കിൽ അവർ ആത്മഹത്യ ചെയ്താലോ എന്ന ഭയം മാതാപിതാക്കളെ വേട്ടയാടുന്നു.

മാതാപിതാക്കളുടെ ഈ മനോഭാവം തെറ്റാണ്. ആത്മഹത്യാഭീഷണി മുഴക്കുന്ന കുട്ടിയുടെ ആത്മഹത്യ ഒഴിവാക്കാനായി അവന്റെ തെറ്റിനെ അനുകൂലിച്ച്, അതിന് കൂട്ടുനിൽക്കരുത്. മക്കളെ കയറൂരി വിടരുത്. ഇൻസ്റ്റഗ്രാം, ഫെയ്സ്ബുക്ക് തുടങ്ങിയ നവമാധ്യമങ്ങളിലൂടെ കുട്ടികൾ മിക്കവാറും എത്തിച്ചേരുന്നത് തെറ്റായ ബന്ധങ്ങളിലും ബന്ധനങ്ങളിലും ഒക്കെയാണെന്നു മാതാപിതാക്കൾ തിരിച്ചറിയണം.

ഞാൻ പഠിപ്പിച്ച ഒരു പെൺകുട്ടിയുടെ കാര്യം പറയാം. അവൾ ഇപ്പോൾ പ്ലസ്ടു കഴിഞ്ഞു. പഠനത്തിൽ വളരെ പുറകോട്ടുപോയി. പ്ലസ്ടു പല വിഷയങ്ങളിൽ തോറ്റു. ഒരു ദിവസം അവളുടെ വീട്ടിൽ നിന്ന് ബഹളം കേട്ട് നാട്ടുകാർ ഓടിക്കൂടിയപ്പോൾ കണ്ട കാഴ്ച! പൊതുവെ ശാന്തയും സൗമ്യയും ആയി പെരുമാറുന്ന ഈ പെൺകുട്ടി രൗദ്രഭാവം പൂണ്ട് അലറിവിളിച്ച് നിൽക്കുന്നു. അവളെ നേരത്തെ അറിയാവുന്ന ആർക്കും (എനിക്കും) ഈ കാഴ്ച വിശ്വസിക്കാനാവില്ല. അതുപോലൊരു പരകായപ്രവേശപ്രദർശനം!

അവളുടെ അപ്പനും അമ്മയ്ക്കും അവളെ നിയന്ത്രിക്കാൻ കഴിഞ്ഞില്ല. അവരുടെ നേരെ രോഷത്തോടെ അവൾ അലറുന്നുണ്ടായിരുന്നു: "എനിക്ക് കൊറിയയിലേക്ക് പോകണം. എന്നെ കൊറിയയിലേക്ക് നിങ്ങൾ വിടണം." അവളെ ആശുപത്രിയിലേക്ക് എത്തിക്കാനുള്ള അവരുടെ ശ്രമം ഫലിച്ചില്ല. ഒടുവിൽ പോലീസ് എത്തി. അവളെ ബലപ്രയോഗത്തിലൂടെ വണ്ടിയിൽ കയറ്റി ആശുപത്രിയിൽ എത്തിച്ചു. അപ്പോഴും അവൾ ഒച്ച വയ്ക്കുന്നുണ്ടായിരുന്നു: "കൊറിയ... എനിക്ക് കൊറിയയിലേക്ക് പോകണം..."

രണ്ട് ആഴ്ച മുമ്പ് സംഭവിച്ച് കാര്യമാണ് ഞാൻ ഈ എഴുതിയത്. നമ്മുടെ കേരളത്തിൽ സംഭവിച്ച കാര്യമാണ്. പിന്നീട് അവളെക്കുറിച്ച് അന്വേഷിച്ചപ്പോൾ അവൾ നോർമൽ ആയതായി അറിയാൻ കഴിഞ്ഞു. എങ്കിലും കൊറിയയിലേക്ക് പോകണം എന്ന ആഗ്രഹത്തിനും ആവശ്യത്തിനും മാറ്റമില്ലത്രേ! കൊറിയയിൽ അവളുടെ ഉപ്പാപ്പന്റെ വീടോ, കുഞ്ഞമ്മയുടെ വീടോ ഒന്നുമില്ല. പിന്നെ...? കൊറിയൻ ഡ്രാമ, കൊറിയൻ ബാൻഡിന്റെ മ്യൂസിക് എന്നിവ സ്ഥിരമായി കണ്ട്, കണ്ട് അവളുടെ മനോനില തകരാറിലായതാണ്. പഠിത്തവും പോയി; മനസ്സിന്റെ താളവും പോയി; മറ്റുള്ളവരുടെ മനഃസമാധാനവും പോയി.

നമ്മുടെ മക്കൾ പഠനത്തിൽ താത്പര്യമില്ലാത്തവരും ഒപ്പം ദേഷ്യക്കാരും ശാഠ്യക്കാരും ധിക്കാരികളും ആയി മാറുന്നു. കൗമാരക്കാരുടെ ഇടയിൽ ആത്മഹത്യകൾ വർദ്ധിക്കുന്നത് ശ്രദ്ധിക്കുക. തെറ്റായ കൂട്ടുകെട്ടുകളിൽ ഇന്നത്തെ തലമുറ ചെന്നുചാടുന്നു. ലഹരി, പ്രേമം... എവിടെനിന്നാണ് ഇവർക്ക് ഇങ്ങനെ അപരിചിതരുമായി സമ്പർക്കം പുലർത്താൻ ധൈര്യം ലഭിക്കുന്നത് എന്ന് ഞാൻ അതിശയിക്കാറുണ്ട്. മൊബൈലിന്റേയും ഇന്റർനെറ്റിന്റേയും അമിതോപയോഗം മൂലം നശിച്ച ഒരു തലമുറ ഇന്നാട്ടിൽ പിറവിയെടുത്തിരിക്കുന്നത് അധികാരികൾ ശ്രദ്ധിക്കുമോ? ഇതിനു തടയിടാൻ എന്തെങ്കിലും ക്രിയാത്മകമായ നടപടികൾ എടുക്കുമോ?

മാതാപിതാക്കൾ മക്കളുടെ മൊബൈലിന്റെ അമിതോപയോഗം കർശനമായി നിയന്ത്രിക്കുക. മക്കളുടെ കൂട്ടുകാർ ആരെല്ലാം എന്നു മനസ്സിലാക്കുക. നല്ല കൂട്ടുകാരല്ലെങ്കിൽ ആ കൂട്ടുകെട്ട് ഉപേക്ഷിക്കാൻ ഉപദേശിക്കുക. അവരുടെ മുട്ടുന്യായങ്ങൾ കേട്ട്, അവരെ അന്ധമായി വിശ്വസിക്കരുത്. കൊഞ്ചൽ, ഭീഷണി, പിണക്കം, ഭക്ഷണം കഴിക്കാതിരിക്കുക എന്നിങ്ങനെ അവർ മാറിമാറി പല പല ആയുധങ്ങൾ എടുത്ത് പയറ്റും. പ്രാർത്ഥനയോടെ അതിനെയെല്ലാം നേരിടുക. വിട്ടുവീഴ്ച ചെയ്യരുത്. പല വീട്ടുവാതിൽക്കലും ദുരന്തമെത്തിയ വാർത്ത നാം ഓരോ ദിവസവും പത്രത്തിലൂടെ വായിക്കുന്നുണ്ടല്ലോ. സ്വന്തം വീട്ടിൽ ദുരന്തം വന്നു കയറുന്നതിനു മുമ്പ് എല്ലാവരും ഉണരുക.

REGISTERED
RNI No. KERMAL/2012/54719
Postal Reg. No. KL/TCR/51/2023-25
Licence No. KL/CR/TCR/WPP-01/2023-25
Licensed to Post Without Prepayment.

Published on
17th November 2023

Posted at
Thrissur RMS

**ആനുകാലികം**

## അപ്പോൾ ഗണപതി മിത്തല്ല!

വിജയദശമി ദിനത്തിൽ കുഞ്ഞുങ്ങൾക്ക് വേണ്ടി വിദ്യാരംഭച്ചടങ്ങുകൾ ഒരുക്കാറുണ്ട്. *ഓം ഹരിശ്രീ ഗണപതയേ നമഃ* എന്നു അവരുടെ നാവിൽ സ്വർണ്ണം കൊണ്ട് എഴുതും. പിന്നീട് മണലിലോ നെല്ലിലോ അരിയിലോ ആ മന്ത്രം ഉറക്കെ ഉരുവിട്ടു എഴുതും. ഗണപതി സത്യമല്ലെന്നും വെറും മിത്ത് (myth = a traditional story) മാത്രമാണെന്നും പറഞ്ഞുകൊണ്ടുള്ള ഒരു വിവാദം കേരളത്തിൽ ഈയിടെ ഉയർന്നുവന്നിരുന്നു. ആ വിവാദം അനാവശ്യമായിരുന്നുവെന്ന് ഇപ്പോൾ വ്യക്തമായി.

കാരണം, വിജയദശമി ദിനത്തിൽ *ഓം ഹരിശ്രീ ഗണപതയേ നമഃ* എന്നു പറഞ്ഞുകൊണ്ട് വിദ്യാരംഭം കുറിച്ച ഗുരുക്കന്മാരിൽ മുഖ്യമന്ത്രി പിണറായി വിജയനും സ്പീക്കർ എ. എൻ. ഷംസീറും ഉണ്ടായിരുന്നു. കിട്ടിയ സുവർണ്ണാവസരം ഉപയോഗിച്ച് ബിജെപി ജില്ലാ പ്രസിഡണ്ട് എൻ. ഹരിദാസ് പരിഹാസശരങ്ങൾ എയ്യുകയും ചെയ്തു. അദ്ദേഹം പറഞ്ഞത് ഇപ്രകാരമാണ്: “നേരത്തേ ഗണപതി മിത്താണെന്നു പറഞ്ഞ സ്പീക്കർ ഷംസീറിന് *ഹരിശ്രീ ഗണപതയേ* ചൊല്ലി കുട്ടികളെ എഴുത്തിനിരുത്തേണ്ടിവന്നു. ഗണപതി മിത്തല്ലെന്നും സത്യമാണെന്നും ഷംസീറിന്റെ നാവിലൂടെത്തന്നെ വ്യക്തമായി” *(25 ഒക്ടോബർ 2023 ലെ പത്രവാർത്ത).*

ഓരോ ആചാരങ്ങളിൽ ചെന്നു ചാടുന്നതിനു മുമ്പ് അതിന്റെ പിന്നിലുള്ള മതപരമായ അർത്ഥങ്ങളെക്കുറിച്ചു ചിന്തിക്കണം; എന്നിട്ടു വേണം നാം അത് ചെയ്യണോ വേണ്ടയോ എന്നു തീരുമാനിക്കാൻ. ❍

Printed, published and owned by Sebastian M.V. Printed at Chirayath Printers, Mannuthy P.O., Thrissur, Kerala-680 651. Published at Real Life, Mamparampil House, Kottekad, Kuttur P.O., Thrissur - 680 013. **Editor:** Sebastian M.V